No. 184 JUNE 2004

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 184 JUNE 2004

EDITORIAL BOARD

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup
Kavumbai Balakrishnan
Dr. C. Unnikrishnan
Anil Vallathol

No.

184

inside

# In Focus

**UGC OUTSMARTS PARLIAMENT**
Prof. Thomas Joseph

•

Education and Kerala Society
Dr. Varghese George

•

അശാസ്ത്രീയമായ ഫീസ് നിർണ്ണയം
**ഡോ. രാജൻവർഗ്ഗീസ്**

•

തലയിൽ തീച്ചുളയുമായ് പ്രൊഫസർ
**പ്രൊഫ. വി. എൻ. മുരളി**

•

വെക്കേഷൻ ഡയറി
**എം. എസ്. വസന്തകുമാർ**

•

Abu Gharaib
Dr. Mini John

- Editorial • Economic Focus
- AIFUCTO News
- ശാസ്ത്രജാലകം • നിവേദനങ്ങൾ
- സർക്കാർ ഉത്തരവുകൾ

visit www.akpcta.org

## എഡിറ്റോറിയൽ

# ഇനിയും പാഠം പഠിക്കാത്തവർ

*Little drops of water,*
*Little grains of sand*
*Make the mighty ocean*
*and the pleasant land*

'ലിറ്റിൽ തിംഗ്സ്' -
**ജൂലിയാ കാബ്നേ**

**ഇക്കഴിഞ്ഞ** പതിനാലാം ലോകസഭാ തിരഞ്ഞെടുപ്പ് ഇന്ത്യൻ ജനതയുടെ പ്രതികരണശക്തിയേയും വിവേചന ബോധത്തെയും വ്യക്തമാക്കുന്ന ഒന്നായിരുന്നു. സാധാരണ ജനങ്ങളുടെ ജീവിതവും, അവരുടെ പ്രതീക്ഷയും അവഗണിച്ച് അഴിമതിയും, മതവും രാഷ്ട്രീയവും അധികാരവും കൂട്ടിക്കലർത്തിയ, എൻ.ഡി. എ സർക്കാരിൻെറ ജനവിരുദ്ധ നയങ്ങളാണ് അവർക്കെതിരെ പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത്. ദരിദ്രർക്ക് സാമൂഹിക നീതി നിഷേധിക്കുകയും ധനികരെ കൂടുതൽ ധനികരാക്കുകയും ചെയ്യുന്ന ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളെ പ്രതികൂലിക്കുന്ന ജനവിധികൂടിയായിരുന്നു ഇത്. ആന്ധ്രയിലേയും കർണ്ണാടകത്തിലേയും സംസ്ഥാന ഭരണകക്ഷികൾക്ക് ഏററ തിരിച്ചടി ഇതിനു തെളിവാണ്. സേവനമേഖലയിൽ നിന്ന് ഒളിച്ചോടിയ, പൊതു സ്വത്തുക്കൾപോലും സ്വകാര്യ വ്യക്തികൾക്ക് തീറെഴുതിയ, തൊഴിൽ മേഖലയ്ക്ക് യാതൊരു സുരക്ഷതത്ത്വവും നൽകാത്ത ഭരണനയങ്ങളെ ജനങ്ങൾ തള്ളിക്കളഞ്ഞു. തിരഞ്ഞെടുപ്പ് നൽകിയ പാഠം വളരെ വലുതായിരുന്നു. രാഷ്ട്രീയ നേതൃത്വങ്ങൾ തിരുത്താലരംഭിച്ചിരിക്കുന്നു. സർക്കാർ ജീവനക്കാർക്കെതിരേയുള്ള സകല പ്രതികാര നടപടികളും ഒററയടിക്ക് തമിഴ്നാട് മുഖ്യമന്ത്രി ജയലളിത റദ്ദാക്കി.

മുൻ കേന്ദ്രസർക്കാർ മതാതീതമായ ഒരു പ്ളൂറലിസ്ററ് സമൂഹത്തെ മതാത്മകമാക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗിച്ചു. 'സരസ്വതി മന്ദിർ', 'ഗീതാ നികേതൻ', 'വിവേകാനന്ദവിദ്യാലയം' തുടങ്ങി മതാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതികൾ തുടങ്ങുകയും ചരിത്രം മാററിയെഴുതി നിലവിലുള്ള ചരിത്ര പുരുഷന്മാരെ തേജോവധം ചെയ്യുകയും, തോന്നിയതുപോലെ പുതിയ ചരിത്രപുരുഷന്മാർക്ക്

ജന്മം നൽകുകയും ചെയ്തു. വിദ്യാഭ്യാസത്തിൻെറ
കാവിവൽക്കരണത്തിന് ചുക്കാൻപിടിച്ച മനവ
വിഭവശേഷി മന്ത്രി ഡോ. മുരളി മനോഹർജോഷിയെ
ജനം തോൽപ്പിച്ച് വിട്ടത് ഇതിനെതിരെയുള്ള
ജനവികാരത്തിൻെറ തീവ്രത വ്യക്തമാക്കുന്നു.
ഉന്നതവിദ്യാഭ്യാസരംഗത്ത് വികസനത്തിന് പ്രത്യേക
പദ്ധതികൾ ഒന്നുമില്ലാത്ത 'ലെസിഫെയർ' സമീപ
നമായിരുന്നു എൻ.ഡി.എ. സർക്കാരിൻെറത്. ഉന്നത
വിദ്യാഭ്യാസത്തെ സമൂലം സ്വകാര്യവൽക്കരിക്കുന്ന
നിർദ്ദേശങ്ങൾ അടങ്ങുന്ന അംബാനി- ബിർള
റിപ്പോർട്ടിൻെറ മറവിൽ വ്യാപകമായി പ്രൈവ
റ്റ്-സ്വാശ്രയ യൂണിവേഴ്സിററികളും കോളജുകളും
മുളച്ചുപൊങ്ങി. 1993-ൽ ജസ്ററീസ് കെ. പുന്നയ്യ
കമ്മററി കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ
സ്റേററ് ഫിനാൻസിംഗ് ഉന്നതവിദ്യാഭ്യാസരംഗത്ത്
വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന്
പറഞ്ഞിരുന്നു. എന്നാൽ ഫലത്തിൽ ഉന്നതവി
ദ്യാഭ്യാസരംഗത്ത് ചെലവിടാനുള്ള ഫണ്ടിൻെറ തോത്
കേന്ദ്രസർക്കാർ കുറച്ചുകൊണ്ടുവരികയായിരുന്നു.
2000-01 ൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കേന്ദ്ര
സർക്കാർ മുടക്കിയത് മൊത്തംചെലവിൻെറ 1.76%
ആയിരുന്നത് 2001-02 ആയപ്പോഴേയ്ക്ക് 1.33 % ആയി.
ഉന്നതവിദ്യാഭ്യാസരംഗത്തുനിന്ന് പൊതുനിക്ഷേപവും
ചെലവും കുറച്ച് സ്വകാര്യ വത്കരണത്തിന്
ആക്കംകൂട്ടി.

സമൂഹത്തിൻെറ അടിസ്ഥാന സന്തുലിതാവസ്ഥ
മാററുന്ന സംസ്ഥാനസർക്കാരുകൾക്കെതിരേയും
ജനവിധിയുണ്ടായി. സാമ്പത്തിക വിദ്യാഭ്യാസ
നയങ്ങളിൽ എൻ. ഡി. എ സർക്കാരിൻെറ ചുവടു
പിടിച്ച കേരള സർക്കാരിനെതിരെ ഭരണവിരുദ്ധ
വികാരം ജനങ്ങൾ പ്രകടിപ്പിച്ചു. മുഖ്യഭരണക
ക്ഷിയായ കോൺഗ്രസ്സ് പാർട്ടിക്ക് കേരളത്തിൽ നിന്ന്
ചരിത്രത്തിലാദ്യമായി ഒരു പ്രതിനിധിയെപോലും
ലോകസഭയിലേക്ക് അയയ്ക്കാൻ സാധിച്ചില്ല.
ഇപ്പോഴും സംസ്ഥാന സർക്കാരിൻെറ നയങ്ങളും
നടപടികളും പഴയതുപോലെ തുടരുന്നു. ഹയർ
സെക്കൻററി മേഖലയിൽ അൺ എയിഡഡ്
കോഴ്സുകൾ അനുവദിക്കുകയും, മൂവായിരത്തോളം
സീററുകൾ മുൻവർഷത്തിൽ ഒഴിഞ്ഞ് കിടന്നിട്ടും ഏഴ്
അൺ എയിഡഡ് എഞ്ചിനീയറിംഗ് കോളജുകൾക്ക്
പുതിയതായി അനുമതി നൽകുകയും ചെയ്തിരി
ക്കുന്നു. എഴുപത്തിയഞ്ച് അൺ എയിഡഡ് ബി.
എഡ് കോളജുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

ഇവ വിദ്യാഭ്യാസ, സാമ്പത്തിക,
സാമുഹ്യരംഗങ്ങളിൽ അതി വിദൂര ഭാവിയിൽ
ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതത്തെപ്പററി
ഇനിയും ഭരണാ
ധികാരികൾക്ക് ബോധമുദിച്ചിട്ടില്ലെന്നുവേണം
കരുതാൻ. ഭരണഘടനയുടെ സമത്വ തത്ത്വങ്ങൾ
നിഷേധിച്ചുകൊണ്ട് സമൂഹത്തിൽ അരാജക
ത്വം സൃഷ്ടിക്കുന്ന സാധാരണജനങ്ങൾക്ക്
എതിരായ നയസമീപനങ്ങളാണ് സർക്കാർ
തുടരുന്നത്. വിദ്യാഭ്യാസമേഖലയുടെ വ്യവ
സായവത്ക്കരണവും ഫീസ് ഘടന നിർണ്ണയി
ക്കാനുള്ള സ്വാതന്ത്ര്യവും നിർദ്ദേശിച്ച
അംബാനി-ബിർള റിപ്പോർട്ടിൻെറ പാതയിലാണ്
സ്വാശ്രയ പ്രൊഫഷണൽ കോളജ് മാനേ
ജ്മെൻറുകൾക്ക് സ്വയം ഫീസ് നിശ്ചയിക്കു
വാനുള്ള അവകാശം നൽകുന്ന കേരള
സർക്കാരിൻെറ നിലപാട്. ഐക്യപുരോഗമന
സഖ്യത്തിൻെറ പൊതുമിനിമം പരിപാടിയിൽ
പ്രതിഫലിക്കുന്ന ജനോപകാരപ്രദമായ
നയങ്ങൾക്ക് വിരുദ്ധമായി കാലഹരണപ്പെട്ട
എൻ. ഡി. എ സർക്കാരിൻെറ നയങ്ങൾ
തന്നെയാണ് ആൻറണി സർക്കാർ ഇപ്പോഴും
അനുവർത്തിക്കുന്നത്.

വിവേകമുള്ള ജനത ശക്തമായ താക്കീത്
നൽകിയാലും തിരിച്ചറിയാതെ തത്ത്വചിന്ത
പുലമ്പിക്കൊണ്ട് നടക്കുന്ന ഒരു മുഖ്യമ
ന്ത്രിയാണ് നമുക്കുള്ളത്. "പിന്നേയും ശങ്കരൻ
തെങ്ങേല്" എന്ന ഗതിയാണ് കേരളത്തിൻെറത്.
തമ്മിലടിയും കുതികാൽവെട്ടും കണ്ടാൽ
കേരളംഭരിക്കാൻ യോഗ്യർ അടിതടയും മററും
അഭ്യസിച്ചവരാണ് എന്ന് തോന്നും. വർത്തമാന
കേരളത്തിൻെറ ഗതികേട്! കേന്ദ്ര ഭരണകൂടവും
ചില ജനവിരുദ്ധ നയങ്ങളിലേക്ക് നീങ്ങുന്ന
തിൻെറ ലക്ഷണം പെട്രോളിയം ഉൽപ്പന്നങ്ങ
ളുടെ വിലകൂട്ടിയതിലൂടെ സൂചിപ്പിക്കുന്നുണ്ട്.
എന്നാൽ അവിടെ ഒരു തിരുത്തൽ ശക്തിയായി
ഇടതുപക്ഷകക്ഷികൾ ഉള്ളത് സാധാര
ണക്കാർക്ക് ആശ്വാസമാണ്. അത്രപെട്ടെന്ന്
വിരുദ്ധ നിലപാടുകളിലേക്ക് കേന്ദ്ര സർക്കാരിന്
പോകാൻ കഴിയില്ല. ഇന്ത്യൻ ജനത ഭാവിയിൽ
കാണുന്ന പ്രതീക്ഷ ഇടതുപക്ഷത്തിൽ
തന്നെയാണെന്ന് തെരഞ്ഞെടുപ്പ് ഫലം
വ്യക്തമാക്കുന്നുണ്ട്.

# എ.കെ.പി.സി.ടി.എ

# 46-ാം സംസ്ഥാന സമ്മേളനം

2004 മാർച്ച് 12,13,14

എറണാകുളം മുനിസിപ്പൽ ടൗൺ ഹാൾ



# "തിളക്ക" പരസ്യം രാജ്യം വിൽക്കാൻ

– അഴീക്കോട്




എന്തിനെയും വിൽപനച്ചരക്കായി കാണുന്ന അമേരിക്കക്കാരുടെ സ്വാധീനത്തിൽ ഉണ്ടാക്കിയ വാണിജ്യ പരസ്യമാണ് "ഇന്ത്യ തിളങ്ങുന്നു" എന്ന വാചകമെന്ന് ഡോ. സുകുമാർ അഴീക്കോട് പറഞ്ഞു. വിൽപ്പനശാലയിലേക്ക് ആളുകളെ ആകർഷിക്കുവാൻ ഉയർത്തുന്ന ശബ്ദം മാത്രമാണത്. ഇന്ത്യയെ വിൽപനയ്ക്ക് വച്ചിരിക്കുന്നുവെന്നതാണതിന്റെ സൂചനയെന്നും അഴീക്കോട് പറഞ്ഞു. എറണാകുളം ടൗൺഹാളിൽ എ.കെ.പി.സി.ടി.എ 46-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



യഥാർത്ഥത്തിൽ ഇന്ത്യയുടെ തിളക്കം ഭൂതകാലത്തിന്റെ തിളക്കമാണ്. രാജ്യത്തിനുവേണ്ടി പിടഞ്ഞുമരിച്ചവരുടെ ചോരയുടെയും രാഷ്ട്ര നിർമ്മാണത്തിനായി ജീവിതം സമർപ്പിച്ച നിസ്വാർത്ഥരുടെ ജീവിതത്തിന്റെയുമാണ് ആ തിളക്കം. ഇപ്പോൾ ദിവസവും രാവിലെ നമ്മൾ കാണുന്നത് രാജ്യത്തിന്റെ അസ്തമനസൂര്യനെയാണ്. എന്തിനെയും വിലകൊടുത്ത് വാങ്ങാമെന്നും ആരെയും പണംകൊടുത്തു വേലക്കാരനാക്കാമെന്നും അമേരിക്ക കണക്കുകൂട്ടുന്നു. ഇവരുടെ പണം വാങ്ങിയ ഏജന്റുമാർ കേന്ദ്ര ഭരണത്തിലുമുണ്ട്. നമ്മുടെ മുഖ്യമന്ത്രിയുടെ മുഖത്തും എപ്പോഴും ഒരു കുററബോധം കാണാം. "എനിക്കു പററുംപോലെയല്ലേ ചെയ്യാനാകൂ" എന്നാണ് അടുത്തകാലത്ത് അദ്ദേഹം പറഞ്ഞ



സ. കെ. ചന്ദ്രൻപിള്ള



പ്രൊഫ. തോമസ് ജോസഫ്



ഡോ. ജെ. പ്രസാദ്

ത് അപരാധബോധത്തിന്റെ ദയനീയ പ്രകടനമാണ്. ഇങ്ങനെയുള്ളവർക്ക് അഭികാമ്യമായ കാര്യം പിൻവാതിലിലൂടെ ഇറങ്ങിപോകൽ മാത്രമാണ് - അഴീക്കോട് പറഞ്ഞു.



അമേരിക്കയ്ക്ക് ഗൂഢമായ ചില ലക്ഷ്യങ്ങളുണ്ടെന്ന് ഒന്നാം ലോകമഹായുദ്ധകാലത്തെ ചരിത്രകാരന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്. കമ്പോളം വഴിയാണ് ഇവർ കീഴടക്കുന്നത്. യുവാക്കളാണ് ആദ്യം ഇവർക്ക് ഇരയായത്. കനത്ത ശമ്പളത്തിന്റെ മായിക ലോകം കാട്ടിയായിരിക്കും മറെറാരുവിഭാഗത്തെ കീഴടക്കുന്നത്. ഒരിക്കലും കീഴടങ്ങാത്തവനാകണം അദ്ധ്യാപകൻ. ഇരുട്ടിൽ ചുററപ്പെട്ട ലോകത്തിലും നിരക്ഷരത ബാധിച്ച ഭരണകർത്താക്കളെയും ഉണർത്തുന്ന ശബ്ദമാകാൻ അവനു കഴിയണം. കീഴടങ്ങാത്ത മനുഷ്യനാണ് ഗുരു - അഴീക്കോട് പറഞ്ഞു.

കീഴടക്കാനെത്തുന്നവർക്ക് മുന്നിലെ പ്രതിരോധത്തിന്റെ പ്രതീകവും സുരക്ഷിതത്വത്തിന്റെ ഭിത്തിയുമായിരുന്നു റഷ്യ. ജവഹർലാൽ നെഹ്റു ഇത് തിരിച്ചറിഞ്ഞിരുന്നു. പിന്നീടുവന്ന കോൺഗ്രസുകാർക്ക് തിരിച്ചറിവുണ്ടായിട്ടില്ല. ഇതു പറയുമ്പോൾ മന്ത്രി കാർത്തികേയൻ പറയുന്നത് "ഞാൻ ഇടതാണെന്നാണ്". "എനിക്ക് ഇടതും വലതുമുണ്ട്. കാർത്തികേയന് വലതേ ഉള്ളൂവെങ്കിൽ പക്ഷാഘാതത്തിന് ചികിത്സ തേടണം" അഴീക്കോട് പറഞ്ഞു.

ചടങ്ങിൽ എ.കെ.പി.സി.ടി.എ പ്രസിഡന്റ് തോമസ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എൻ.ജി.ഒ യൂണിയൻ സംസ്ഥാന സെക്രട്ടറി കെ.മോഹനൻ, കെ.എസ്.ടി.എ പ്രസിഡന്റ് പി.കെ.രാജ് മോഹൻ, എ.കെ.ജി.സി.ടി ജനറൽ സെക്രട്ടറി ഡോ. ജെ.പ്രസാദ്, കോൺഫഡറേഷൻ സംസ്ഥാന സെക്രട്ടറി എം.കൃഷ്ണൻ, എഫ്.യു.ടി.എ സെക്രട്ടറി ഡോ. ചന്ദ്രമോഹൻകുമാർ യൂണിവേഴ്സിററി എംപ്ളോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി ആർ. രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം ചെയർമാൻ സ: കെ.ചന്ദ്രൻ പിള്ള എം.പി സ്വാഗതവും എ.കെ.പി.സി.ടി.എ സെക്രട്ടറി എ.പി.കുട്ടികൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി.

...ന്ദ്രമോഹൻകുമാർ



സ. പി. കെ. രാജ്മോഹൻ



സ. ആർ.രാമചന്ദ്രൻ



സ. കെ. മോഹനൻ



# പോരാട്ടങ്ങളുടെ അഞ്ച് പതിററാണ്ട്



സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി 'പോരാട്ടങ്ങളുടെ അഞ്ച് പതിററാണ്ട്' എന്ന സംഘടനാചരിത്ര ഫോട്ടോപ്രദർശനം സ. കെ. ചന്ദ്രൻപിള്ള എം. പി. ഉദ്ഘാടനം ചെയ്യുന്നു.



## വിദ്യാഭ്യാസ സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം



ഡോ. വാസന്തി ദേവി

വിദ്യാഭ്യാസ സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനത്തിൽ തമിഴ്നാട് വനിതാ കമ്മീഷൻ ചെയർപേഴ്സൺ ഡോ. വാസന്തിദേവി, ഐഫക്ടോ പ്രസിഡൻറ് പ്രൊഫ. അനിൽ ഭട്ടാചാര്യ, ഐഫക്ടോ വൈസ് പ്രസിഡൻറ് പ്രൊഫ. എ. ജയിംസ് വില്യംസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.


പ്രൊഫ. അനിൽ ഭട്ടാചാര്യ



പ്രൊഫ. എ. ജയിംസ് വില്യംസ്





# മുതലാളിത്തത്തിന്റെ വിളംബരം

– എം.എ.ബേബി




ബി.ജെ.പിയുടെ തിളക്ക മുദ്രാവാക്യം. നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയിലെ പൊരുത്തക്കേടുകളുടെ വിളംബരമാണെന്നു സി.പി.ഐ.(എം) കേന്ദ്രകമ്മിററി അംഗം എം.എ.ബേബി പറഞ്ഞു. എ. കെ.പി.സി.ടി.എ 46-ാം സംസ്ഥാന സമ്മേളനത്തിനനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദേശത്തേക്ക് മൂന്നുരൂപയ്ക്ക് ധാന്യങ്ങൾ കയററി അയയ്ക്കുമ്പോൾ ഇവിടെ പട്ടിണി പാവങ്ങൾക്ക് ഈ വിലയ്ക്ക് അതു കിട്ടുന്നില്ല. ഗോഡൗണുകളിൽ അരിയും മററു ഭക്ഷ്യപദാർത്ഥങ്ങളും വിതരണം ചെയ്യാതെ പുഴുവരിക്കുന്നു. ലോകത്തിൽ എണ്ണപ്പെട്ട കോടീശ്വരന്മാരുടെ പട്ടികയിലേക്ക് ഇന്ത്യക്കാരും കടന്നുവരുമ്പോൾ പാവപ്പെട്ട കർഷകർ നിത്യവൃത്തിക്ക് വക കാണാതെ സ്വയം ഹത്യ ചെയ്യുന്നു. എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക അജണ്ട ഇവിടെ നടപ്പാക്കുന്നതിന്റെ ദുരന്തമാണിതെന്നും എം.എ.ബേബി പറഞ്ഞു.

മുതലാളിത്ത ചൂഷണം ശക്തമാകുമ്പോൾ സേവനമേഖലകളും തൊഴിലുകളും കഴുത്തറുപ്പൻ ലാഭനഷ്ടക്കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തപ്പെടും. നമ്മുടെ വിദ്യാഭ്യാസ മേഖലയാകെ ഈ ഭീഷണിയിലാണെന്നും എം.എ. ബേബി പറഞ്ഞു.

പൊതുസമ്മേളന മുന്നോടിയായി അദ്ധ്യാപകരുടെ പ്രകടനം ടൗൺഹാളിൽ നിന്നും ആരംഭിച്ച് ഹൈക്കോടതി ജങ്ഷനിൽ അവസാനിച്ചു.

പൊതുസമ്മേളനത്തിൽ എ. പ്രതാപചന്ദ്രൻ നായർ സ്വാഗതം പറഞ്ഞു. തോമസ് ജോസഫ് അദ്ധ്യക്ഷനായിരുന്നു. വി.വി.രാഘവൻ എം.പി, എൻ.എം.ജോസഫ് എന്നിവർ സംസാരിച്ചു. ഡി.സലിംകുമാർ നന്ദി പറഞ്ഞു.



# സ്വകാര്യവൽക്കരണം ഉന്നതവിദ്യാഭ്യാസം തകർക്കും

വി.എസ്.അച്യുതാനന്ദൻ




സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസസ്വകാര്യവൽക്കരണം ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ തകർച്ച ഉണ്ടാക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ പറഞ്ഞു. കേരളത്തിൽ 17നും 22നും ഇടയിൽ പ്രായമുള്ളവരുടെ 7.4 ശതമാനം മാത്രമാണ് ഉന്നതവിദ്യാഭ്യാസം നേടുന്നത്. വികസിത രാജ്യങ്ങളിൽ ഇത് 60 ശതമാനമാണ്.



*സ. സി. പി. നാരായണൻ ക്ഷേമനിധി വിതരണം ചെയ്യുന്നു.*

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇനി ഒരു പൈസാപോലും മുടക്കുകയില്ലെന്ന് മുഖ്യമന്ത്രി അസന്ദിഗ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസരംഗം പൂർണമായി സ്വകാര്യവൽക്കരിക്കാനാണ് സർക്കാരിന്റെ ഉദ്ദേശ്യം. ഈ സ്ഥിതിയിൽ അദ്ധ്യയന ചെലവ് വൻതോതിൽ വർദ്ധിക്കുകയാണ്. 7.4 ശതാനം എന്നതിൽ നിന്നുതന്നെ കേരളം പിന്നോക്കം പോകുകയായിരിക്കും സംഭവിക്കുക. ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുകയായിരിക്കും ഫലത്തിൽ ഉണ്ടാവുക എന്ന് അച്യുതാനന്ദൻ ചൂണ്ടിക്കാട്ടി. സർവ്വീസിൽ നിന്നും വിരമിക്കുന്ന കോളേജ് അദ്ധ്യാപകർക്ക് എ.കെ.പി.സി.ടി.എയുടെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകാൻ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അച്യുതാനന്ദൻ.

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന കച്ചവടവൽക്കരണം ഈ സർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്തേക്കും വ്യാപിപ്പിച്ചിരിക്കുകയാണ്. തങ്ങളെ അധികാരത്തിൽ കൊണ്ടുവന്ന വർഗീയ - സാമുദായിക ശക്തികളെ വിദ്യാഭ്യാസ രംഗമാകെ ഏൽപിക്കുക എന്നതാണ് ആന്റണിയുടെ നയം. കോളജ് അനുവദിക്കുന്നതിന് അരമനയിൽ കയറിച്ചെന്ന് ബിഷപ്പിനോട് പരസ്യമായി കോഴ ആവശ്യപ്പെട്ടത് അനിഷേധ്യമായി തെളിഞ്ഞിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗം അഴിമതിയുടെ കേന്ദ്രമാ

## ഉന്നത വിദ്യാഭ്യാസ സെമിനാർ

# യു. ജി. സി മാതൃകാ നിയമവും ഏകീകൃത സർവ്വകലാശാല ബില്ലും




മാർച്ച് 12,13,14 തീയതികളിൽ എറണാകുളത്തു നടന്ന എ.കെ.പി.സി.ടി.എ 46-ാം സംസ്ഥാന സമ്മേളനത്തിനു മുന്നോടിയായി 2004 ഫെബ്രുവരി 26-ാം തീയതി സംഘടിപ്പിച്ച അനുബന്ധ സമ്മേളനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം.വി.പൈലി ഉദ്ഘാടനം ചെയ്തു. യു.ജി.സി മാതൃകാ നിയമവും ഏകീകൃത സർവ്വകലാശാലാ ബില്ലും എന്നതായിരുന്നു സെമിനാറിന്റെ വിഷയം.

ആലുവ എഫ്.ബി.ഒ. ഹാളിൽ നടന്ന സെമിനാറി എ.കെ.പി.സി.ടി.എ സം സ്ഥാന പ്രസിഡന്റ് പ്രൊ തോമസ് ജോസഫ് അ ക്ഷനായിരുന്നു. ഡോ. ജ യ് ജോബ് കുളമേലി ഡോ. കെ.പി.കുഞ്ഞി ഷ്ണൻ എന്നിവർ തദവ ത്തിൽ സംസാരിച്ചു. ഡേ രാജൻ വർഗീസ് സ്വാഗത വി.സി.ആന്റണി നന്ദി രേഖപ്പെടുത്തി.

---

യി മാറി എന്നതാണ് ഇത് കാണിക്കുന്നത്.

ആഗോളവൽക്കരണത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളുടെ രാജ്യത്തിന്റെ വരുമാനത്തിന്റെ മൂന്നിലൊന്ന് വിദ്യാഭ്യാസ വികസനത്തിന് ചെലവഴിക്കുന്നു. എന്നിട്ടാണവർ, വിദ്യാഭ്യാസ ചെലവ് കുറയ്ക്കാൻ ഇന്ത്യയെയും മററും ഉപദേശിക്കുന്നത്. അത് കേൾക്കാത്ത താമസം, കേന്ദ്രവും ആന്റണി സർക്കാരും ആ ഉപദേശം അപ്പാടെ നടപ്പാക്കുകയാണെന്ന് അച്യുതാനന്ദൻ പറഞ്ഞു.

കേന്ദ്രത്തിലെ ബി.ജെ.പി സർക്കാർ വിജ്ഞാനമേഖലയാകെ കാവിവൽക്കരണം യാഥാർത്ഥ്യമാക്കാനാണ് ശ്രമിച്ചത്. മതാധിഷ്ഠ രാജ്യമാക്കാനുള്ള വിദ്യാഭ്യാസ പദ്ധതിയാണ് ഇതുവഴി അവർ നടപ്പാക്കുന്നത്. മതനിരപേക്ഷതയിൽ അധിഷ്ഠിതമായ സാമൂഹ്യവീക്ഷണം പരിപാലിക്കുന്ന തലമുറ അസ്തമിക്കുകയായിരിക്കും അതിന്റെ പരിണിതഫലം.

യോഗത്തിൽ എം.പി.വിജയലക്ഷ്മി അദ്ധ്യക്ഷയാ രുന്നു. സി.പി.നാരായണൻ, ആർ.മോഹൻകുമാർ എ വരും പ്രസംഗിച്ചു. കെ.ശശിധരൻ സ്വാഗതം പറഞ്ഞു

സർവ്വീസിൽ നിന്നും വിരമിച്ച കോളജ് അദ്ധ്യ പകരായ ടി.സെയ്ദ്, എ.സി.ജെയിംസ്, എബി അ സ്, എ.ശിവരാമൻ, പി.എൻ.നാരായണൻ, കുഞ രാമവർമ്മ രാജ, സി.വി.സൈമൺ, വി.എം.ജോണ മാർഗരററ് റോഡ്രിക്സ്, ഇ.കെ.പ്രകാശൻ, ജോ വി.ചെമ്പരത്തി, വിമല.ടി, രാമൻകുട്ടി, ഡോ. ശവൻ നമ്പൂതിരി, പൈലോകുട്ടി ജോർജ്, ഡോ. കെ.കേശവപിള്ള, തോമസ് ലൂക്കോസ്, ഓമന ട്ടൻ, വി.നാരായണൻ നമ്പൂതിരി, ശ്രീരഞ്ജിനി, ജയചന്ദ്രൻ, എ.എം.ചാക്കോ, സെബാസ്റ്റ്യൻ എ വർ യാത്രയയപ്പ് ചടങ്ങിൽ സംബന്ധിച്ചു. രാജൻ വർഗീസ് നന്ദി പറഞ്ഞു.

# വിദ്യാഭ്യാസ മേഖലയിലെ അമിതചൂഷണം തടയേണ്ടത് സമൂഹത്തിന്റെ കടമ:

ഡോ. സെബാസ്റ്റ്യൻ പോൾ



വിദ്യാഭ്യാസ മേഖലയുടെ വഴിപിഴച്ച പോക്കിന് കടിഞ്ഞാണിടാൻ സമൂഹത്തിൻെറ ഇടപെടലുകളും നിയന്ത്രണവുമാണ് ആവശ്യമെന്ന് ഡോ. സെബാസ്റ്റ്യൻ പോൾ പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ പണിയെടുക്കുന്നവരും വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരും അമിതിമായി ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ സമൂഹം തന്നെ മുന്നോട്ട് വരണമെന്നും അദ്ദേഹം പറഞ്ഞു.

മാർച്ച് 12,13,14 തീയതികളിൽ കൊച്ചിയിൽ നടന്ന എ.കെ.പി.സി.ടി.എ 46-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി 2004 മാർച്ച് 4-ാം തീയതി സംഘടിപ്പിച്ച "ഉന്നത വിദ്യാഭ്യാസ രംഗത്തെ പൊതു ആസ്തികളുടെ സ്വകാര്യവൽക്കരണം" എന്ന വിഷയത്തിലുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സെബാസ്റ്റ്യൻ പോൾ.

വിദ്യാഭ്യാസ മേഖലയിലെ പുത്തൻ പരിഷ്ക്കാരങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഭീഷണിയാണ്. വിദ്യാഭ്യാസ മേഖലയിൽ നവോത്ഥാനത്തിന്റെ സ്രഷ്ടാക്കളായിരുന്ന മുണ്ടശ്ശേരിയെയും എം.പി.പോളിനെയും എതിർത്ത സ്വകാര്യ മാനേജ്മെന്റിന്റെ പ്രാകൃത ശബ്ദം തന്നെയാണ് ഇന്നത്തെ മാനേജ്മെന്റിനും. സംഘടനാ സ്വാതന്ത്ര്യത്തിനെതിരായ കോടതിവിധി അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തിനും ബാധകമാക്കി വ്യാഖ്യാനിക്കാൻ മാനേജ്മെന്റ് തുനിയുന്നത് അവരുടെ പഴയ നിലപാടിൽ ഒരു മാററവും ഇനിയും ഉണ്ടായിട്ടില്ല എന്നതാണ് വ്യക്തമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

എറണാകുളം ആശീർഭവനിൽ നടന്ന ചടങ്ങിൽ അസോസിയേഷൻ പ്രസിഡൻറ് തോമസ് ജോസഫ് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി എ.പ്രതാപചന്ദ്രൻനായർ പി. രാജീവ്, സുനിൽ പി. ഇളയിടം എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡൻറ് എം. പി. വിജയലക്ഷ്മി സ്വാഗതവും ജില്ലാ സെക്രട്ടറി ഡി. സലിംകുമാർ നന്ദിയും പറഞ്ഞു.

# എ.കെ.പി.സി.ടി.എ

## 46-ാം സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് വരേണ്യവൽക്കരണവും വർഗീയവൽക്കരണവും ത്വരിതപ്പെടുത്തുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നടപടികളെ ചെറുത്തു തോല്പിക്കുന്നതിനുവേണ്ടി, വരുന്ന പൊതുതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ - മതേതര പാർട്ടികൾക്ക് അനുകൂലമായി പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്ന് എല്ലാ കോളജധ്യാപകരോടും ആഹ്വാനം ചെയ്യുന്നു.

2. സർക്കാരിൽ നിന്നും പൊതുഖജനാവിൽ നിന്നും വ്യാപകമായി ധനസഹായം സ്വീകരിച്ചുകൊണ്ട് പടുത്തുയർത്തപ്പെട്ടിട്ടുള്ള എയിഡഡ് കോളജുകൾ ആരുടെയും സ്വകാര്യസ്വത്തല്ലെന്ന് 46-ാം സംസ്ഥാന സമ്മേളനം പ്രഖ്യാപിക്കുന്നു. കോളജുകളിലെ അടിസ്ഥാന സൗകര്യങ്ങളും പ്രശസ്തിമൂല്യവും ചൂഷണം ചെയ്തു കമ്പോള അടിസ്ഥാനത്തിൽ കോഴ്സുകൾ നടത്തി ലാഭമുണ്ടാക്കാനുള്ള സർക്കാർ - മാനേജ്മെന്റ് ശ്രമങ്ങളെ ചെറുത്തു തോല്പിക്കുമെന്ന് ഈ സമ്മേളനം പ്രഖ്യാപിക്കുന്നു. എയിഡഡ് കോളജുകളിലെ അൺ എയിഡഡ് കോഴ്സുകൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെടുന്നു.

3. സർവ്വകലാശാലയുടെ സ്വയംഭരണവും ജനാധിപത്യ ഭരണക്രമവും തകർക്കാനും ഉന്നത വിദ്യാഭ്യാസത്തെ കമ്പോളവൽക്കരിക്കാനും ഉദ്ദേശിച്ചുള്ള ഏകീകൃത സർവ്വകലാശാലാ ബിൽ പിൻവലിക്കണമെന്ന് കേരള ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

4. ഇന്ത്യൻ ഫെഡറലിസത്തിനും ജനാധിപത്യത്തിനും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ ദർശനത്തിനും കടകവിരുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന യു.ജി.സി തയ്യാറാക്കിയ മാതൃകാ സർവ്വകലാശാലാ നിയമത്തിനുള്ള സമീപനരേഖ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നു.

5. ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സേവന മേഖലകൾ ആഗോളകമ്പോള ശക്തികൾക്ക് അടിയറവയ്ക്കുന്ന ആഗോള സേവന ഉടമ്പടിയിൽ (GATS) ഇന്ത്യ പങ്കാളിയാകരുതെന്ന് സമ്മേളനം ആവശ്യപ്പെടുന്നു. വിദേശ യൂണിവേഴ്സിറ്റികളുടെ കമ്പോളാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഇന്ത്യയിൽ നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നു.

6. 90നു ശേഷം നിയമിക്കപ്പെട്ട് അപ്രൂവൽ ലഭിച്ച അധ്യാപകരുടെ നിയമനവും പ്രമോഷനും റദ്ദുചെയ്യാനുള്ള സർക്കാർ നീക്കം പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നു.

7. സാമൂഹ്യ നീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എ.കെ.പി.സി.ടി.എ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും ഇല്ലാതാക്കുന്ന സ്വാശ്രയ സ്വയംഭരണം എന്ന ആശയം പ്രാവർത്തികമാക്കാനുള്ള നീക്കത്തിൽ നിന്നും കേരള സർക്കാർ പിന്മാറണം. എയിഡഡ് കോളജുകളിലെ അധ്യാപക നിയമനം പി.എസ്.സിയെ ഏല്പിക്കണം. വിദ്യാർത്ഥി പ്രവേശനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് യൂണിവേഴ്സിറ്റികൾ ഉറപ്പുവരുത്തണം. കോളജധ്യാപകരുടെ സ്വകാര്യ ട്യൂഷന് എതിരെ ശക്തമായ നടപടി എടുക്കണമെന്ന് സർക്കാരിനോടും യൂണിവേഴ്സിറ്റികളോടും ആവശ്യപ്പെടുന്നു.

8. അധ്യാപകർക്കും ജീവനക്കാർക്കും പണിമുടക്കാനുള്ള അവകാശം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി നിയമനിർമാണം നടത്തണമെന്ന് കേന്ദ്ര സംസ്ഥാനസർക്കാരുകളോട് ആവശ്യപ്പെടുന്നു.

9. അധ്യാപകരുടെ ഗ്രാറ്റുവിറ്റിക്കുള്ള അവകാശം സംബന്ധിച്ച് സുപ്രീംകോടതി വിധിയെത്തുടർന്നുണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥ നീക്കുന്നതിനുള്ള നിയമനിർമാണം നടത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.

10. സംഘടനാ സ്വാതന്ത്ര്യത്തിന് വിലക്ക് ഏർപ്പെടുത്തിയ സ്വകാര്യ മാനേജ്മെന്റുകളുടെ നടപടികളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

11. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എ.കെ.പി.സി.ടി.എ പ്രതിജ്ഞ

ബന്ധമാണെന്നു പ്രഖ്യാപിക്കുന്നു. പ്രിൻസിപ്പൽ - ഇൻ - ചാർജ്ജ് നിയമനങ്ങൾ സംബന്ധിച്ച നിലവിലുള്ള യൂണിവേഴ്സിററി നിയമവ്യവസ്ഥകൾ ഭൂരിപക്ഷ - ന്യൂനപക്ഷ വ്യത്യാസമെന്യേ എല്ലാ കോളജുകളിലും കർശനമായി നടപ്പിലാക്കണം. നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകർ അതാത് യൂണിററി/കോർപ്പറേററ് കോളജുകളിൽ ലഭ്യമാണെങ്കിൽ, പുറത്തുനിന്നും പ്രിൻസിപ്പൽ നിയമനം നടത്തരുതെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

12. ഭരണ നവീകരണ നടപടികളുടെ മറവിൽ, ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഒഴിവുകളുടെ എണ്ണം വെട്ടിക്കുറയ്ക്കുവാനുള്ള കേരള സർക്കാർ നടപടിയിൽ ശക്തമായി പ്രതിഷേധിക്കുന്നു:

13. അദ്ധ്യാപകരുടെ റീഡിപ്ളോയ്മെന്റ് എത്രയും വേഗം പൂർത്തിയാക്കി, ശേഷിച്ച ഒഴിവുകളിൽ അടുത്ത അദ്ധ്യയനവർഷം ആരംഭിക്കും മുമ്പേ സ്ഥിരനിയമനം നടത്തണം.

14. സർക്കാർ/യൂണിവേഴ്സിററി ചട്ടങ്ങൾക്ക് വിരുദ്ധമായും യോഗ്യത സംബന്ധിച്ച് മാനദണ്ഡങ്ങൾ കാററിൽ പറത്തിയും സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന അദ്ധ്യാപക നിയമനങ്ങൾ റദ്ദുചെയ്യണം. യു.ജി.സി നിഷ്ക്കർഷിച്ച യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് യു.ജി.സി നിരക്കിൽ ശമ്പളം നൽകണം.

15. സ്വകാര്യകോളജ് അദ്ധ്യാപകരുടെ പി.എഫ്.ക്രെഡിററ് കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കണം.

16. NAAC അക്രഡിറേറഷനും യു.ജി.സി ധനസഹായവും തമ്മിൽ ബന്ധപ്പെടുത്താനുള്ള നീക്കത്തിൽ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു. N A A C പരിശോധനാ ടീമിന്റെ ചിലവുകൾ യു.ജി.സി നേരിട്ട് നൽകുവാനുള്ള നീക്കം കോളജുകൾക്ക് അവകാശപ്പെട്ട വികസനപ്രവർത്തനങ്ങൾക്കുള്ള ധനസഹായം വെട്ടിക്കുറയ്ക്കുന്നതിന് കാരണമാകയാൽ, ഇത്തരം നീക്കങ്ങളിൽ പിന്തിരിയണമെന്ന് യു.ജി.സിയോട് ആവശ്യപ്പെടുന്നു.

17. സർക്കാരിന്റെയും യു.ജി.സിയുടെയും അംഗീകാരമില്ലാത്ത എം.ജി.യൂണിവേഴ്സിററി ഓഫ് കാമ്പസ് കേന്ദ്രങ്ങൾ അടച്ചുപൂട്ടണം.

18. എം.ജി.യൂണിവേഴ്സിററിയുടെ പരിഷ്ക്കരിച്ച പി.ജി.കോഴ്സുകളുടെ റിസൽട്ട് ഉടൻ പ്രസിദ്ധീകരിക്കണം. റിസൽട്ട് പ്രസിദ്ധീകരണം താമസിച്ച് എയിഡഡ് കോഴ്സുകൾ അനാകർഷകമാക്കാനുള്ള യൂണിവേഴ്സിററി അധികൃതരുടെ നീക്കങ്ങളിൽ ശക്തമായി പ്രതിഷേധിക്കുന്നു. സെമസ്റ്റർ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ കേന്ദ്രീയ വാലുവേഷനുകളിലൂടെ സമയബന്ധിതമായി പൂർത്തിയാക്കണം.

19. അദ്ധ്യാപകരുടെ പ്രൊമോഷൻ/പ്ളെയിസ്മെന്റ് കാര്യങ്ങളിൽ എം.ജി.യൂണിവേഴ്സിററി അധികൃതർ അവലംബിച്ചിട്ടുള്ള അനാവശ്യ കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നു. NET സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി എം.ജി.യൂണിവേഴ്സിററി സ്വീകരിച്ചിട്ടുള്ള സമീപനത്തിൽ സമ്മേളനം പ്രതിഷേധിക്കുന്നു. നിശ്ചിത യോഗ്യതയും സർവ്വീസുമുള്ള അദ്ധ്യാപകർക്ക് ഉടൻ പ്രൊമോഷൻ നൽകണമെന്ന് ആവശ്യപ്പെടുന്നു.

20. ബി.എഡ് കോളജുകൾ അനുവദിക്കുന്നതു സംബന്ധിച്ചുണ്ടായിട്ടുള്ള വ്യാപകമായ ആക്ഷേപങ്ങൾ സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കാൻ ഈ സമ്മേളനം ആവശ്യപ്പെടുന്നു.

21. കേരളത്തിലെ വരൾച്ച ദുരിതാശ്വാസ പരിപാടികൾക്ക് കൂടുതൽ കേന്ദ്ര സഹായം നൽകണമെന്ന് ആവശ്യപ്പെടുന്നു. വരൾച്ചയുടെ വ്യാപ്തി തെളിയിക്കുന്നതിന് കൃത്യമായ കണക്കുകൾ കേന്ദ്രത്തിനു സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയ കേരള സർക്കാരിന്റെ നടപടിയെ അപലപിക്കുന്നു.

22. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വില്പനയിലൂടെ രാജ്യത്തിന്റെ പൊതു ആസ്തികൾ സ്വകാര്യമേഖലയ്ക്ക് കൈമാററം ചെയ്യുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നു.

23. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനു നേരെയുള്ള കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ എല്ലാ കടന്നുകയററങ്ങളെയും ഈ സമ്മേളനം അപലപിക്കുന്നു.

24. മാന്നാനം കെ.എ.കോളജിലെ വിദ്യാർത്ഥി പ്രവേശനത്തിലെ അഴിമതിക്കെതിരെ മഹാനജൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കണമെന്ന് എം.ജി.യൂണിവേഴ്സിററി അധികൃതരോട് ആവശ്യപ്പെടുന്നു.

25. യൂണിവേഴ്സിററികൾ അനുവദിക്കുന്ന ഡ്യൂട്ടി ലീവ് നിഷേധിക്കുന്ന സമീപനത്തിൽ നിന്ന് കോളജിയേററ് എജുക്കേഷൻ ഡിപ്പാർട്ടുമെന്റ് പിന്മാറണമെന്ന് ആവശ്യപ്പെടുന്നു.

26. സംസ്ഥാന സർവ്വീസിലുള്ളവരുടെ പെൻഷൻ തിട്ടപ്പെടുത്തുമ്പോൾ കേന്ദ്ര സർവ്വീസു കൂടി പരിഗണിക്കണമെന്നുള്ള സർക്കാർ ഉത്തരവ് പ്രൈവററ് കോളജ് അദ്ധ്യാപകർക്ക് ബാധകമാക്കണമെന്ന് ആവശ്യപ്പെടുന്നു.

# AKPCTA
# List of Office Bearers
## 2003-2004

PRESIDENT
**Prof. Thomas Joseph**
KE College, Mannanam
Phone: 95481-2598498

VICE PRESIDENTS
**Prof. P.Reghunath**
MSM College, Kayamkulam
Phone: 95479-2348284

**Prof. M.P.Vijayalekshmi**
St.Xavier's College, Aluva
Phone: 95484-424253

GENERAL SECRETARY
**Prof. A.Prathapachandran Nair**
M.G.College
Thiruvananthapuram
Phone: 95471-2272143

TREASURER
**Prof. K.Sasidharan**
S.N.G.College, Chelannur
Phone: 0495-2472822

SECRETARIES
*Kannur University*
**Prof. M.P.Balaram**
NSS College, Mattannur
Phone:0477-2821273

*Calicut University*
**Dr. K.K.Balachandran Nair**
NSS College, Manjeri
Phone: 0483-2768278

*M.G.University*
**Prof. V.C.Antony**
St. Pauls College, Kalamassery,
Phone: 95484-2577213

*Kerala University*
Prof. K.Vijayadharan
S.N.College, Kollam
Phone: 95474-2732100

## DISTRICT OFFICE BEARERS

KANNUR - KASARGOD
*President*
**Prof. P.V.Raveendran**
Sir Syed Thaliparambu

*Secretary*
**Prof. C.Padmanabhan**
NSS College, Mattannur

KOZHIKODE

*President*
**Dr. D.K. Babu**
Guruvayoorappan College
Kozhikode

*Secretary*
**Dr. U.Hemanth Kumar**
SNG College, Chelannur.

WAYANAD

*President*
**Prof. P.J.Thomas**
Pazhassiraja College,
Pulpally

*Secretary*
**Prof. C.V.Thomas**
St. Mary's College
Sulthanbathery

MALAPPURAM
*President*
**Dr. N.Rajan**
NSS College, Manjeri

*Secretary*
**Prof. P.Mammed**
PSMO College,
Thirurangadi

PALAKKAD
*President*
**Prof. P.G.Balakrishnan**
NSS College, Ottapalam
*Secretary*
**Prof. M.Safarudeen**
MES College. Mannarghat

THRISSUR
*President*
**Dr. K.G. Viswanathan**
Ayurveda College, Ollur

*Secretary*
**Prof. K.K.Chacko**
Christ College, Irinjalakuda

ERNAKULAM
*President*
**Prof. K.V.Somasundaran N**
S.S.College, Kalady

*Secretary*
**Prof. D.Salimkumar**
SNM College, Maliankara

KOTTAYAM-IDUKKI
*President*
**Dr. K.P.Sukumaran Nair**
SD College, Kanjirapally

*ecretary*
rof. James Philip
Devamatha College,
Karuvilangadu

ALAPPUZHA

*resident*
rof. K.Khan
MSM College
Kayamkulam

*ecretary*
Venu
D College, Alappuzha

PATHANAMTHITTA

*resident*
rof. A.V.Thomas
atholicate College,
athanamthitta

*ecretary*
rof. P.G.Sukumaran Nair
SS College, Pandalam

KOLLAM

*President*
Prof. Sirajudeenkutty
TKM College of Engineering
Kollam

*ecretary*
rof. G.Yohannankutty
t.John's College, Anchal

THIRUVANANTHAPURAM

*resident*
r. Lekha Narendran
. Xaviers College, Thumba

*ecretary*
rof. K.L.Vivekanandan
N College, Chempazhanthy

## STATE COMMITTEE MEMBERS

rof. G.Sathyanesan
.K.M.M.College
angiarkulangara

**Prof. K.V.Bodhanandan**
D.B.College, Sasthamkotta
**Prof. K.A.George**
Christian College, Chengannur
**Prof. P.Rajasekharan Pillai**
D.C.College
Perumala
**Prof. P.P.Chandrasekhara Pillai**
D.B.College,
Thalayolaparambu
**Prof. M.J.Mathew**
MES College
Nedumkandom
**Prof. Sunny Mathew**
St. Mary's College, Bathery
**Prof. Vasudevan A.K.**
NSS College of Engineering.
Palakkad
**Prof. K.K.Hamza,**
Forook College,
Farook
**Prof. T.A.Usha Kumari**
KeralaVarma College,
Thrissur
**Dr. T.Pradeep**
S.N.College,
Cherthala
**Prof. T.P.Habeeb Rehman**
MES College, Ponnani
**Dr. V.K.Vijayan**
Sree Kerala Varma College,
Thrissur
**Prof. P.K.Raveendran**
Sir Syed College,
Thaliparambu
**Prof. V.Kuttiyan**
N.A.S College, Kanhangad,
**Prof. Nagendra Kumar**
T.K.M.Arts and Science
College, Kollam
**Prof. N.Ramachandran**
St. Alberts College,
Ernakulam
**Prof. K.Radhakrishnan Nair**
NSS Hindu College
Changanassery
**Prof. D.K.Babu**
Guruvayoorappan College,
Kozhikode
**Prof. M.Shahul Hameed**
Iqbal College, Peringamala
Thiruvananthapuram

## WORKING COMMITTEE NOMINATIONS

**Prof. A.P.Kuttykrishnan**
Sir Syed College,
Thaliparamba, Kannur
Phone: 0490-2477039
**Prof. P. Gopinathan**
Sreekrishna College,
Guruvayoor,
Phone: 0487-2212622
**Dr. Sathees Chandran**
SN College,
Varkala
Phone: 0471-258185

## WORKING COMMITTEE PERMANENT INVITEE

**Prof. R.Mohana Kumar**
Syndicate Member,
University of Kerala
Phone: 95470-2605452

## WORKING COMMITTEE SPECIAL INVITEES

**Prof. T.N.Manoharan**
Convenor, Service Cell
**Dr. Rajan Varghese**
Convenor, Academic
Committee
**Dr. S.Jayaraj Kumar**
Chief Editor
Kerala Private College
Teacher

## ACADEMIC COMMITTEE

Convenor
**Dr. Rajan Varghese**
U.C.College,
Aluva,
Phone: 95484-2706338
Members

Prof. M.N.Gopalakrishnan
DB College, Pampa
Dr. Basheer Ahamed
PSMO College,
Thirurangadi
Prof. George.F.Decruz
FMN College, Kollam
Dr. M.K.Ramakrishnan
Guruvayoorappan College,
Kozhikode
Prof. C.Raveendranath
St.Thomas College,
Thrissur
Dr. G.Balachandran
SD College, Alappuzha
Dr. M.R.Sudarsanakumar
MG College
Thiruvananthapuram
Prof. Motti Thomas
St. Stephens College,
Uzhavoor
Dr. Venugopal.B.Menon
Cochin College,
Kochi
Dr. Prabhakaran Pazhassi
SN College, Kannur
Dr. Prasadvarma Thampan
NSS Engg. College, Palakkad

**KERALA PRIVATE COLLEGE TEACHER**

*Chief Editor*
Dr. S.Jayaraj Kumar
S.N.College,
Varkala
*Managing Editor*
Prof. V.Jayakumar
NSS Women's College,
Thiruvananthapuram
*Assitant Editor*
Dr. G.S.Suresh
VTMNSS College,
Dhanuvachapuram
*Members*
Prof. T.N.Manoharan
SN College,
Chempazhanthy
Dr. R.B.Rajalekshmi
MG College,
Thiruvananthapuram
Prof. M.Shahul Hameed
Iqbal College,
Peringammala
Prof. M.S.Vasanthakumar
S.N.College, Kollam
Prof. J.Raju
SN College,
Chempazhanthy
Dr. C.R.Prasad
MG College,
Thiruvananthapuram
Prof. Mathew.J.Muttath
K.E.College,
Mannanam
Prof. Kavumbai Balakrishnan
Sri KeralaVarma College,
Thrissur
Dr. N.Rajan
NSS College, Manjeri
Dr. C.Unnikrishnan
D.B.College
Sasthamkotta
Prof. Soman Nadar
Mar Ivanios College,
Thiruvananthapuram
Prof. T.A.Sudhakarakurup
NSS College,
Pandalam
Anil Vallathol
SS College,
Thaliparambu

**LIAISON OFFICERS**

SECRETARIATE
Prof. P.Sivadasan
S.N.College,
Chempazhanthy

DIRECTORATE OF COLLEGIATE EDUCATION
V.M.Anand Kumar
VTMNSS College,
Dhanuvachapuram

DY. DIRECTORATE OF COLLEGIATE EDUCATION
OFFICE
Kollam
Prof. Sirajudeenkutty
TKM Engg College, Kollam
Prof. Sreevalsan.A
SN College, Kollam
Kottayam
Prof. K.Radhakrishnan Nair
NSS SVR College,
Changanassery
Dr. Hareesh
St. Mary's College,
Manarcadu
Prof. Babu Cherian
CMS College
Kottayam
Ernakulam
Dr. Joseph Jose
S.H.College,
Thevara
Prof. K.N.James
St. Alberts College,
Ernakulam
Thrissur
Prof. C.Muralidharan
NSS College,
Ottapalam
Dr. V.K.Vijayan
SKV College,
Thrissur
Prof. P.Gopinathan
Sreekrishna College,
Guruvayoor
Kozhikode
Prof. N.E.Rajeev
Guruvayoorappan College,
Kozhikode
Dr.D.K.Babu
Guruvayoorappan College,
Kozhikode
Dr. P.Basheer Ahemmed
PSMO College
Thirurangadi
Dr. N.M.Sunny
Malabar X'an College,
Kozhikode
UNIVERSITIES
Kerala
Dr. G.Raveendran

SN College, Varkala
**Dr. S.Sreekumar**
VTM NSS College
Dhanuvachapuram.

**MG University**
**Prof. V.James**
SB College, Changanassery
**Prof. George Sebastian**
K.E.College, Mannanam
**Prof. K.Mathew**
Basalious College,
Kottayam

**Calicut**
**Prof. K.Sasidharan**
SNG College,
Chelannur
**Dr. K.K.Balachandran Nair**
NSS College, Manjeri
**Prof. P.Mammed**
PSMO College, Thirurangadi
**Prof. K.Alavikutty**
PSMO College,
Thirurangadi

**Kannur**
**Prof. A.P.Kuttikrishnan**
Sir Syed College,
Thaliparamba
**Prof. Krishnan Vannarath**
SES College Sreekantapuram

**Prof. P.V.Raveendran**
Sir Syed College,
Thaliparamba

## WELFARE TRUST

**State Office Bearers &**
**Prof. Yohannakutty**
St. Johns College,
Anchal

## BUILDING COMMITTEE

**Prof. Thomas Joseph**
**Prof. A.Prathapachandran Nair**
**Prof. K.Sasidharan**
**Dr. G.Raveendran**
*(Convenor)*
**Dr. S.Jayaraj Kumar**
**Prof. K.L.Vivekanandan**
**Prof. R.Mohanakumar**
**Dr. S.Sathees Chandran**
**Prof. T.N.Manoharan**
**Dr. G.S.Suresh**
**Dr. Vijayakumar**

## LEGAL CELL

*Convenor*
**Prof. V.C.Antony**
St. Pauls College
Kalamassery
*Members*
**Dr. Rajan Varghese**
UC College
Aluva

**Prof. N.Ramachandran**
St. Alberts College,
Ernakulam
**Prof. N.V.Joshi**
St. Pauls College,
Kalamasseri
**Prof. D.Salimkumar**
SNM College, Maliamkara

## SERVICE CELL

Convenor
**Prof. T.N.Manoharan**
S.N.College,
Chempazhanthy
Members
**Prof. P.K.Radhakrishna Panicker**
DB College, Parumala
**Prof. P.S.Feroz**
SN College, Nattika
**Prof. Sathyanesan. G.**
TKMM College
Nangiarkulanagara
**Prof. K.S.Jayachandran**
SKV College, Thrissur
**Prof. K.Sankara Narayanan**
MES College,
Mannarghat
**Prof. V.K.Raveendradas**
NSS College, Manjeri
**Prof. Tommichan Joseph**
K.E.College, Mannanam

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 75 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-463494, Fax: 0471-468984. e-mail:akpcta@sancharnet.in

www.akpcta.org

എ.കെ.പി.സി.ടി.എ 46-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥികൾക്കായി നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾ

## കവിത

| | |
|---|---|
| Ist | Sabu D.J<br>II B.Sc Industrial Chemistry,<br>SNC Chathannur |
| IInd | Anjana<br>II B.A English<br>NSS College, Ottapalam |
| IIIrd | Shaina. E<br>II M.A. Eng<br>NSS College, Ottapalam |

## ലേഖനം

| | |
|---|---|
| Ist | Dinesh Babu.N<br>I B.A. Malayalam<br>NSS College, Ottapalam |
| IInd | Vignesh Gangan<br>III B.Sc. Zoology<br>Guruvayoorappan College, Kozhikode |

## കഥ

| | |
|---|---|
| Ist | Chitra.O.T<br>II BA Eng<br>NSS, Manjeri |
| II | Josna Jacob<br>Malayalam Optional<br>PKM College of Education<br>Madampam, Kannur |
| III | M.Ayisha<br>II BA Eng<br>NSS College, Manjeri |

Po... Co...

# Abu Ghraib

Dr. Mini Jo...
Alphonsa College, P...



White fiends with 'bushy' brows
'Blare' out abuses and stripsearch them-
The hapless captives of Abu Ghraib!
Unleashed bloodhounds growl and charge;
Cowering detenu covers his flesh
From canine teeth, but fails and is torn.
He bleeds and writhes and pleads for life,
Sadistic Nero yells and applauds
And celebrates imperial butchery in the cell.
Yankees pounce on pale females
Long detained to slake their thirst;
Naked violation impregnate them,
Doomed, they huddle and long for death.
Feeble protests and silence supportive
Strengthen hegemonic savagery around
How long? How long will wantonness prev...
Till water tastes blood and wails resonate?
Till coffins quench colonial greed?

# UGC Outsmarts Parliament

## Legitimizes Private Universities Through Regulations

**Thomas Joseph**
President, AKPCTA
National Secretary, AIFUCTO

UGC makes a mockery of its regulatory role in its prescriptions of reward and punishment.

The University Grants Commission (UGC) Regulations for the "Establishment and Maintenance of Standards in Private Universities" notified in the Govt. of India Gazette dated 27th December 2003 is a classic illustration of the attempts by the HRD Ministry and the UGC under the NDA regime to cleverly override parliamentary authority. Till recently there were only Central Universities, State Universities and Deemed -to-be-Universities. Enactment of a Private universities Bill has been pending with the Parliament since 1995. It could not come through for want of adequate floor support. But this did not deter some state governments from going ahead with the legislation for the establishment of Private Universities. In 2002, Chateesgargh passed a legislation, which empowered the state government to establish universities by the simple device of issuing gazette notifications!

The unprecedented step brought in unprecedented response. There was mushrooming growth of universities in the state — at the rate of one university a week. Educationalists protested against this wanton vulgarization of higher education. UGC was called upon to stem the rot and warn the unsuspecting students against the machinations of these traders in educational wares. And UGC did step in. Letters were sent to each and every private university seeking relevant details. UGC sources confirm that more than 70 letters were returned undelivered, as the addressees were unknown! But UGC was not unnerved. The UGC convinced itself that it could breathe order into chaos by issuing its own gazette notification and calling it a regulation for the establishment and maintenance of standards in higher education! It did not consider it unbecoming to issue regulations on a subject on which the parliament could not legislate for want of majority support. The HRD Ministry had no qualms about notifying the regulations, which bypassed the parliamentary will. It was only trigger happy that a short cut could be found to implement one of the infamous recommendations of the Ambani-Birla Report to which it was committed.

And look, what a piece of regulation it is! The peripheral UGC regulations in two pages under five sections are only intended to provide an air of legitimacy to the cross border operations of private universities by permitting them "in exceptional circumstances" to open off- campus centers and off-shore campuses.

This would enable the private universities achieve their primary objective, which is to trade in education on a national scale at present and on a global scale as and when the GATS becomes operational. The most significant omission in the regulation is that education imparted through private universities has not been defined as a charitable activity.

Even while pretending to police the working of the Private Universities, the UGC has included subtle provisions for 'protecting the interests of students already enrolled' in the event of any disciplinary action initiated against the 'unsatisfactory performance' of any Private University. This would insure against all genuine doubts and misgivings on the part of the students regarding the credibility of any dubious courses offered by the Private Universities and thus ensure enrolment in large numbers. Platitudinous provisions like the requirement of prior approval of the UGC/State Government/Central Government/host country, as the case may be, for opening of off-campus / off- shore centers confer an aura of discipline and legitimacy to these centers without actually ensuring either excellence or equity in their working. The clause, which stipulates that in the case of offshore campuses, the remittance of funds shall be governed by the rules and regulations of the Reserve Bank of India, is indeed redundant to the core. As if such remittance could have been made without the consent of the Reserve Bank, but for these regulations!

The UGC makes a mockery of its regulatory role in its prescriptions of reward and punishment. Adherence to these regulations within a period of three months from the notification can regularize the activities of any private university, which has started functioning before the commencement of these regulations. This is obviously an attempt to regularize any indiscretion that has been committed in the past by making a pretext of subsequent conformity to the UGC stipulatio Failure to comply with the regulations sh invite consequences, which are o pretentiously grave. It could render a diploma/degree awarded by a priva university as unspecified in terms of section (3) of the UGC Act. The public will be inform about it through a public notification. It cou also invite the added penalty under section of the UGC Act, which is only a "fine, whi may extend to one thousand rupees"!

The National Executive Committee (NE meeting of the All India Federation of Universi and College Teachers' Organization (AIFUCTO) held at Mangalore on 25-5-2004 ha resolved to oppose the move by the UGC t legitimize Private Universities being establishe in the country under various state Acts. In a joi press release issued after the meeting, Prof.An Bhattacharia and Prof.B.Vijayakuma President and Secretary of the Organizatio respectively stated that AIFUCTO would n only expose the hidden agenda behind the UG regulations but also launch a countrywi agitation against all attempts to privatize a commercialize higher education. The leade appealed to the new Government at the cen to rein in the commercial fixation of some of t state Governments and the UGC in high education without compromising the principl of federalism and autonomy .The Centr Government should play a leadership role ensuring that federalism and autonomy wo for the promotion of the interests of the poor a the marginalized, the leaders said. AIFUCT has appealed to the United Progressive Allian (UPA) and the Left parties to reject the UG regulations as and when they are laid in t parliament for its approval.

UGC (ESTABLISHMENT AN MAINTENANCE OF STANDARDS I PRIVATE UNIVERSITIES) REGULATION 2003

(Govt. of India Gazettee Notification dat

27th December, 2003)

**Background**

(i) Settuing up ofprivate universities through State Acts is a recent phenomenon. An effective regulatory mechanism is required for the maintenance of standards of teaching, research, examination and extension services in these private universities.

(ii) An effective mechanism for regulating the functioning of existing State Universities recognized by the University Grants Commission under section 2(f) and 12B of the UGC Act, 1956 is already in place. In almost all the States, the Governor of the State is the ex-officio Chancellor of the universities in that particular State. Besides, all the recognized State Universities under the purview of the UGC are receiving grants from the UGC and are obligated to follow the statutory regulations made under the UGC Act, which inter-alia include regulations defining the minimum qualifications that should be possessed by any person to the appointed to the teaching staff of the universities; regulations defining the minimum standards of instruction for the grant of a degree by a university, etc.

(iii) Under Section 3 of the UGC Act, deemed to be university status is granted by the Central Government to those educational institutions of repute, which fulfill the prescribed standards and comply with various requirements laid down by the UGC.

(iv) For private universities belonging to a separate category altogether, a suitable regulatory mechanism is essential by way of laying down the conditions specifically for the establishment and operation of such universities for safeguarding the interests of the student community with adequate emphasis on the quality of educaiton and to avoid commercialization of higher education, etc.

(v) Accordingly, in exercise of the powers conferred by clauses (f) & (g) of sub-section (1) of Section 26 of the UGC Act, 1956, the UGC hereby makes the following Regulations, namely:

1. Short title, application and commencement

1.1. These regulations may be called the University Grants Commission (Establishment of and Maintenance of Standards in Private Universities) Regulations, 2003.

1.2. These shall apply to every private university established by or incorporated under a State Act, before or after the commencement of these regulations.

1.3. These shall apply to all the degrees/diplomas/certificates (including those offered in India in collaboration with foreign universities) offered under formal, non-formal or distance education mode by the private university.

1.4. These shall come into force on the date of their publication in the Gazettee of India.

1.5. Any private university, which has started functioning before commencement of these Regulations, shall ensure adherence to these Regulations within a period of 3 months from the notification of these Regulations and confirm the compliance to the UGC. Failure to comply with this requirement, shall render any degree-diploma awarded by a private university as unspecified in terms of Section 22(3) of the UGC Act and shall invite penalty under SEction 24 of the UGC Act.

2. **Definitions**

2.1. "Private university" means a university duly established through a State/Central Act by a sponsoring body, viz. a Society registered under the Societies Registration Act, 1860, or any other corresponding law for the time being in force in a State or a Public Trust or a Company registered under Section 25 of the Companies Act, 1956.

2.2. "off-campus centre" means a centre of the private university established by it outside the main campus (within or outside the State) operated and maintained as its constituent unit, having the university's compliment of facilities, faculty and staff.

3.3. "off-shore campus" means a campus of the private university established by it outside the country, operated and maintained as its constituent unit, having the university's compliment of facilities, faculty and staff.

2.4. "study centre" means a centre established and maintained or recognized by the university for the purpose of advising, counseling or for rendering any other assistance required by the students used in the context of distance education.

2.5. "student" means a person duly admitted and purusing a programme of study. "off-campus centre", "off-shore campus" and "study centre" as defined under these Regulations shall be applicable to the universities as defined under 2(f) of the UGC Act, 1956.

3. Establishment and recognition of Private Universities

3.1. Each private university shall be established by a separate State Act and shall conform to the relevant provisions of the UGC Act, 1956, as amended from time to time.

3.2. A private university shall be a unitary university having adequate facilities for teaching, research, examination and extension services.

3.3. A private university established under a State Act shall operate ordinarily within the boundary of the State concerned. However, after the development of main campus, in exceptional circumstances, the university may be permitted to open off-campus centres, off-shore campuses and study centres after five years of its coming into existence, subject to the following conditions:

3.3.1. The off-campus centre(s) and/or the study centre(s) shall be set up with the prior approval of the UGC and that of the State Government(s) where the centre(s) is/are proposed to be opened.

3.3.2. The over-all performance of the off-campus centre(s) and/or the study centre(s) shall be monitored annually by the UGC or its designated agency. The directions of the UGC for management, academic development and improvement shall be binding.

3.3.3. If the functioning of the said centre(s) remains unsatisfactory, the private university shall be instructed by the UGC to close down the said centre(s), which shall be binding on the university. In such a situation, the interests of the students already enrolled therein shall be protected.

3.3.4. Any off-shore campus(es) in foreign countries shall be opened only after obtaining due permission from the Government of India and also that of the Government of the host country.

3.3.5. In case of off-shore campus(es), the remittance of funds shall be governed by the rules and regulations of the Reserve Bank of India.

3.4. A Private university shall fulfill the minimum criteria in terms of programmes, faculty, infrastructural facilities, financial viability etc. as laid down from time to time by the UGC and other concerned statutory bodies, such as the All INdia Council for Technical Education (AICTE), the Bar Council of India (BCI), the Distance Education Council (DEC), the Dental Council of India (DCI), the Indian Nursing Council

(INC), the Medical Council of India (MCI), the National Council for Teacher Education (NCTE), the Pharmacy Council of India (PCI) etc.

The courses of studies prescribed for a first degree and/or the post-graduate degree/diploma programmes should have been formally approved by the respective academic bodies of the private university, such as Board of Studies, Academic Council and Governing/Executive Council.

The programmes of study leading to a degree and/or a postgraduate degree/diploma offered by a private university shall conform to the relevant regulations/norms of the UGC or the concerned statutory body as amended from time to time.

A private university shall provide all the relevant information relating to the first degree and post-graduate degree/diploma programme(s) including the curriculum structure, contents, teaching and learning process, examination and evaluation system and the eligibility criteria for admission of students, to the UGC on a proforma prescribed by the UGC prior to starting of these programmes.

The UGC on detailed examination of the information made available as well as the representations and grievances received by it from the students as well as concerned public relating to the deficienceis of the proposed programme(s) not conforming to various UGC Regulations, shall inform the concerned university about any shortcomings in respect of conformity to relevant regulations, for rectification. The university shall offer in the programme(s) only after necessary rectification.

9. The admission procedure and fixation of less shall be in accordance with the norms/guidelines prescribed by the UGC and other concerned statutory bodies.

4. **Inspection**

The UGC may cause periodic inspection of the private university and its off-campus centre(s), study centre(s), offshore campus(es) etc., offering the programmes.

For this purpose, the UGC may call for all relevant information from the concerned private university, as provided in the UGC (Returns of Information by Universities) Rules, 1979 as amended from time to time.

5. **Consequences of violations**

5.1. After inspection and assessment of a private university providing first degree and/or postgraduate degree/diploma courses, the UGC may indicate to the university any deficiency and non-conformity with the relevant UGC Regulations and give it reasonable opportunity to rectify the same. If the Commission is satisfied that the private university has, even after getting an opportunity to do so, failed to comply with the provisions of any of the Regulations, the Commission may pass an order prohibiting the private university from offering any course for the award of the first degree and/or the post-graduate degree/diploma, as the case may be, till the deficiency is rectified.

5.2. The UGC may take necessary action against a private university awarding a first degree and/or a post-graduate degree/diploma, which are not specified by the UGC, and inform the public in general through a public notification. A private university continuing such programme(s) and awarding unspecified degree(s) shall be liable for penalty under Section 24 of the UGC Act.

# Education and Kerala Society

**Dr. Varghese George**
*Marthoma College, Thiruvalla*

If the government is going to spend only in areas where private capital is not interested then what is the need for government?'

The state and society in Kerala in the early 19th century was entwined with the burden of the past and the hopes of the new liberative images. Casteism ,untouchability, slavery and religious orthodoxy made its hegemony over the masses and the new democratic aspirations of the people were being expressed through the urge for modern education. Wherever the process of democratisation took place in that century, the spread of general education moved parallel to it Educational growth was closely linked with the advance of the masses in to politics.[1]Similiarly in Kerala society the depressed classes and untouchables passionately sought the opportunities of education as a means of liberation from caste disabilities.

The slave castes principally composed of Pulayas, Parayas and Kuravas consisted of 13 per cent of the population of Travancore, the southern region of the state, in 1854.[2]The Government owned about 15000 whom it leased to private land holders. Robin Jeffrey quotes Rev. Henry Baker, ...almost every market day at Changanacherry children are brought by their parents or near relations for sale. The going price was between six and eighteen rupees.' Ezhavas were the single largest among the polluting castes that consisted 15 per cent of the population of Travancore. Access to education and public roads were denied to them. In South Travancore shanars enumerated about 5 per cent of the population and they were also considered polluting to higher castes. Their women were not allowed to cover their breasts.

This was the social environment, which was encountered by the Christian missionaries in the early decades of the 19th century. The LMS and CMS missionaries came to Travancore this period and creatively engaged in conscientising the lower castes to uphold their human rights. Thus the first social struggle of the shanars called breast cloth struggle took place in 1856 This was also called the shanar riots and this was the first social struggle in Travancore for the dignity of the human person. At Kottayam the CMS set up the first college in Kerala in 1817 where students from all castes were given admission thereby breaking the monopoly of the higher castes the exclusive privilege of higher education. The Bassel Mission, which was working in Malabar where caste structure was less strong, was more liberal in admitting students from the lower castes in their educational institutions[4]. There may have been some political missionaries to legitimize the exploitative motives of the British Empire, but the intervention of the committed missionaries did help transform Kerala society to a genuine humanistic society through enabling the poor to assert their rights.

The missionary's attempts to reform the society had its ripples in other communities. They found that education was being used as an instrument for social mobilization. The great social revolutionary of the 20thcentury in Kerala society, Sree Narayana Guru asked his disciples to build no more temples. The Guru in a message in 1917 said, 'do not

1. *Eric Hobswam, The Age of Capital, Vintage, 1996 p95*
2. *Robin Jeffrey, The Decline of Nair Dominance, Manohar, 1994,p22*
3. *Louis Ourkerkerk, No Elephant for the Maharaja, Manohar, 1995*
4. *Koji Kawashima, Missionaries and a Hindu State, Oxford, 1998p167*

encourage build temples from now on. If necessary let there be small temples. The main temple should be the school. The money collected from the community should be used to construct schools.'[5] This message was well received by the community and today the Ezhava community is well educated and occupy prime position in society and polity. The other backward community shanars also had a reformation movement led by Vaikunta swamikal. Among the slave castes, Ayyankali, the great social reformer advocated the importance of education. Though mission schools accepted slave castes there was no entry in the government schools. It was Ayyankali who in 1906 demanded access of slave caste children to government schools. In 1912 he brought a girl child to a school in Ooroottambalam in Trivandrum district but then the high castes boycotted the school by withdrawing their children from the school. Ayyankali then called for an agricultural workers strike and this was the first workers strike in Travancore. The government and the high castes relented. Thus the number of pulaya students rose from2000 in 1913 to10913 in 1917.[6] The high castes also took to modern education abandoning traditional religious education to take advantage of new opportunities.

The Government of Travancore, though then retrograde in its attitude towards the slave castes and backwards, had a progressive outlook on the potential of education. As early as 1816 the queen of Travancore issued a proclamation making education the responsibility of the state. In 1870 T.MadhavaRao the Dewan of the state said,' it is the cherished aim of His Highness' Government to provide for every subject within a couple of hours journey, the advantages of a doctor, a school master, a judge, a magistrate, a registering officer and a post master.[7]The number of government educational institutions in 1884-85 was thus 228. By1919 it rose to 1116 and government was spending 15% of its budget income to education.[8] Besides these initiatives the local governments and Panchayat Boards with the help of the enlightened citizens and local community also came forward to set up schools. This was a common feature in Malabar, the northern part of Kerala. Thus the missionaries, the indigenous social reform movements, the state and the local community were the chief agencies in the process of education. The first socialist state government in1954 abolished fee in the fifth and sixth classes and the first communist state government systematized admission and appointment procedures. As Amartya Sen writes,' one of the distinguishing features of Kerala's development experience is the early promotion of literacy, and this feature has led to important social achievements later on, based on the diverse social and personal roles of literacy.[9]Thus access to education to dalits, backward castes,minorities and women was the unique feature of education in Kerala.

This led to important political and social changes in Kerala. The Socialist and Communist movement made profound

5. *Balakrishnan P.K., Kerala's Cultural History [Malayalam]Bhasha Institute,1991,p532*
6. *Jose N.K., Ayyankali, [Mal] Hoby Books,1989,p151*
7. *Kabir and Krishnan, Health, Poverty and Development in India,Oxford p256*
8. *Report of the Kerala Education Commission,KSSP, P18*

9. *Dreze and Sen, India Economic Development and Social Opportunity,Oxford1996 p52*

influence in society due to the spread of literacy. A secular democratic society was in the offing where different religions and ideologies coexisted. Public action became the soul of the people and solidarity with the oppressed in international affairs was natural. Kerala earned the distinction of having a unique Kerala Model of Development with high social achievements.

But globalisation turned everything upside down. Suicides of the peasants is not a news these days. It occurs every day. Transnational ships loot the fish wealth of the seas and fishermen are in struggles. Handloom sector is in disarray due to New textile Policy. Plantations are closed. Kerala is worst affected by the policies of globalisation and balance sheet of the reform decade is rising poverty, unemployment and social and cultural distress. Economic reform is followed by education reform. International financial institutions including Asian Development Bank started intervening in Policy decisions of the state government. The present United Front Government, after assuming power in May 2001,published a White Paper on State Finances which included the following:

1. 2244 uneconomic schools should be closed down without any delay.
2. The system of protected teachers should be abolished.
3. New aided schools or new divisions in existing schools should not be sanctioned.
4. New aided colleges should not be sanctioned.
5. New course or batches in existing aided colleges should be sanctioned only on a fully self- financing basis.
6. New colleges on a fully self–financing basis should be encouraged.
7. Existing colleges with excellent infrastructure support should be converted into self financing autonomous colleges.
8. Fees in educational institutions, including professional colleges, should be increased.[10]

Thus the economic crisis felt by the state due the new economic policies of free import of agricultural products and small scale industrial products removing all quantitative restrictions was being addressed not by taking adequate protective measures and political resistance, but by submitting to it by the withdrawal of the state from social sectors. The ruling people felt that the development of the state could be made possible by foreign capital and not by social capital. Thus the state decided to slowly withdraw from education and health. In early 2002 the Chief Minister called us for an all party meeting to discuss the new industrial and labour policy. In the Draft document given to us it was said: 'Maximisation of private investment in infrstructure development,with government investment only in areas\ functions where private investment cannot be attracted.'[11] I asked the Chief Minister, Sir,Are you going to preside over the dismantling of the traditional functions of the government of the state of Kerala?.If the government is going to spend only in areas where private capital is not interested then what is the need for government?'

10. *Higher Education:Private Good Vs Public Good, Kerala Private College Teacher, March 2003,p17-18*
11. *Industrial policy 2001, Government of Kerala,p7*

Thus the trend was towards reducing public investment in education and health. In education the new system is called 'self financing colleges'. In the government engineering college and government aided private college the annul fee is Rs 4000. But the government appointed committee to fix the fee in self finance engineering college, Retd.Justice K.T. Thomas Commission fixed the fee at Rs.38700, nearly ten times that of the government college.It is interesting to know how the Commission worked out this amount. Each college has four streams of specialization, the total number of students would be 240, at the rate of 60 students per batch. For a four Year period, the institution would have a

strength of 960 students. The Committee took the total consumable and recurring expenditure and divided it among the 960 students. The student has to pay the recurring expenditure too! " The recurring expenditure arrived at by providing for depreciation,building,equipment, furniture and library maintenance and expenditure on power, water and communications has been put at Rs 33766400. After providing for a ten percent surplus for development, the total annual recurring expenditure for an engineering college has been put at Rs 371.43 lakhs. This has been divided among 960 students and rounded to the nearest hundred to arrive at the figure of Rs 38700- the annual fee for engineering courses"[12] This is four times the per capita income( at current prices )of a Keralite. The managements of self financing medical colleges are demanding Rs 400000,forty times the per capita income. Thus in Kerala professional education is being reserved for the rich. In this process caste reservation is the first casualty. The dalits and backwards have no place in this system.

In August 2001 the Government of Kerala received a loan of 600 million dollars from Asian Development Bank and as a condition to the release of first tranche the State agreed to a Modernising Government Programme(MGP). In the objective of MGP The Asian Development Bank states that the Government has to come to terms with the question whether its people want more of the same services or whether people expect changes in the set of services offered by Government in line with the complexity and diversity of modern societies[13]. The language is poetic but the ruthlessness of Shylock is unfolded in the accompanying schedule and Programme of MGP.

***Key Result Area: Resource mobilization for service delivery in Health and Education***

1.Study on scope for resource mobiliza tion.scope for levy of Health\ Education cess and tax on private institutions(Jun 03)

2.User charges on identified service(Mar 03)

3.Pay Clinics, use school infrastructure for income generation(Mar04)

4.Phased closure and Rehabilitation of pupils (Mar04)

5.Redeployment of protected teachers (Mar 04)

The use of school infrastructure for income generation means selling the school property and land. Last year 48 schools were closed and this year about 2000 schools was identified for closure.

*12. The Hindu 22 May 2004*

*13. ADB Papers, Govt of Kerala.*

In short the whole philosophy of the new policy is that education is a commodity to be purchased in the market. Those who have no purchasing power have no right to receive it . Market is exclusive and the poor are being excluded from professional and higher education. Technological growth does not automatically bring justice in society. There has to be societal intervention in science, technology and culture. In the process outlined above their might be technological momentum, but their will be no social justice.Kerala society is a highly politicized society. The poor will not remain silent to the imposition of unjust structures. Recently the government banned student political activity in the campus. There may have been some aberrations in student politics like violent clashes, but banning it is intended to facilitate new policies. In India the Supreme Court held that the workers have no right to strike. This was music to the global capital. Protests first emerge from campuses and then from factories. You can shut down the factories ,but not the colleges. So politics in campus is banned. When last year the students protested the new policies, the government met it with a heavy hand . Is our society slowly being internally militarized? When the president of the All Kerala Private College Teachers Association, Prof. Thomas Joseph, piloted the protests of the faculty, the manager suspended him from the college. Is the space for dissent slowly shrinking?

# അശാസ്ത്രീയമായ ഫീസ് നിർണ്ണയം

**ഡോ. രാജൻ വർഗീസ്**
കൺവീനർ, എ.ഡ്ക.പി.സി.ടി.എ, അക്കാദമിക് കമ്മററി

> സർക്കാർ കണക്കനുസരിച്ചു തന്നെ ഇരുപത്തിയഞ്ച് ശതമാനത്തിലധികം ജനങ്ങൾ ദാരിദ്ര്യരേയ്ക്കു താഴെ ജീവിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ സമ്പൂർണ്ണ സ്വാശ്രയത്വം വിനാശത്തിലേക്കുള്ള വഴിയാണ്.

ദരിദ്രരെ വിദ്യാഭ്യാസ മേഖലയിൽ നിന്ന് ആട്ടിയോടിക്കുന്ന ഫീസ് നിരക്കാണ് ജസ്റ്റിസ് കെ.ടി.തോമസ് കമ്മിററി നിശ്ചയിച്ചിരിക്കുന്നത്.

ആഗോളതലത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ നിലനിൽക്കുന്ന ഒരു കാലഘട്ടമാണിത്. വ്യത്യസ്തങ്ങളായ സാമ്പത്തിക സാമൂഹ്യ നയങ്ങളുടെ ഭാഗമായി രൂപപ്പെട്ടിട്ടുള്ളതാണ് ഈ കാഴ്ചപ്പാടുകൾ. സാമൂഹിക നീതിയിലും മാനുഷിക മൂല്യത്തിലും അധിഷ്ഠിതമായ വികസനനയം ഒരുവശത്തും, കമ്പോളത്തിന്റെ അച്ചടക്കത്തിലധിഷ്ഠിതമായ വ്യക്തിപരമായ നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കുന്ന നയം മറുവശത്തും. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പരമ്പരാഗതവും യുനസ്കോ പോലുള്ള ഏജൻസികളുടെ പ്രഖ്യാപനവും ഒന്നാമത്തെ നയങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ്. വിദ്യാഭ്യാസത്തെ ഒരു വ്യാപാര വസ്തുവായി വിവക്ഷിക്കുന്ന ലോകവ്യാപാര സംഘടനയുടെ കാഴ്ചപ്പാടാണ് രണ്ടാമത്തേത്. ഈ മാറിയ വിദ്യാഭ്യാസ കാഴ്ചപ്പാട് ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളുടെ സമീപനങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്.

ബ്രിട്ടീഷ് ഇന്ത്യയിൽ നിലനിന്നിരുന്ന യൂണിവേഴ്സിററി സമ്പ്രദായം ഒരു കൊളോണിയൽ ഭരണായുധം മാത്രമായിരുന്നു. ഇതേ യൂണിവേഴ്സിററി സമ്പ്രദായം തന്നെയാണ് ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ മുന്നേറാൻ നാം ഉപയോഗിക്കുന്നത്. ഇത് ഒരു വൈരുദ്ധ്യം തന്നെയാണ്. യൂറോപ്യൻ മാതൃകയിലുള്ള ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ പരിമിതങ്ങളായിരുന്നു. ഇന്ത്യയിലെ ഉപരിവർഗത്തിന് യൂറോപ്യൻ സംസ്കാരം പരിചയപ്പെടുത്തിക്കൊടുക്കുകയും ബ്രിട്ടീഷ് ഭരണത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഒരു വിഭാഗം ജനങ്ങളെ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുക എന്നിവയായിരുന്നു അവ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയ പ്രസ്ഥാനങ്ങളുടെ വളർച്ചയെ യൂറോപ്യൻ വിദ്യാഭ്യാസം സഹായിച്ചിട്ടുണ്ട്. എന്നാൽ ബ്രിട്ടീഷ് സർവ്വകലാശാല സമ്പ്രദായം ഒരു ജനത എന്ന നിലയിൽ ഇന്ത്യക്കാർക്ക് മുന്നേറാനുള്ള അവസരങ്ങൾ നിഷേധിക്കുകയും, സ്വന്തം സംസ്ക്കാരത്തിൽ നിന്ന് വേർപെടുത്തുകയും, വിജ്ഞാനത്തിന്റെ കാര്യത്തിൽ ബ്രിട്ടനെ ആശ്രയിക്കുന്ന ഒരു സമൂഹമായി ഇന്ത്യയെ തരംതാഴ്ത്തുകയും ചെയ്തു എന്നതാണ് ചരിത്രപരമായ വസ്തുത.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വികസിത രാജ്യങ്ങളിലെ യൂണിവേഴ്സിററികളെപ്പോലെ ഇന്ത്യൻ യൂണിവേഴ്സിററികളും മനുഷ്യവിഭവശേഷി നിർമ്മാണവും വൈജ്ഞാനിക മുന്നേററവും ലക്ഷ്യമാക്കി ബിരുദാനന്തര കോഴ്സുകൾ നടത്തുവാൻ സജ്ജമാക്കിയവയായിരുന്നു. ഇതിന്റെ തുടർച്ചയാണ്, എഞ്ചിനീയറിംഗ്, ടെക്നോളജി, മാനേജ്മെന്റ്, മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ് എന്നീ ശാഖകളുടെ പഠനത്തിന് ഊന്നൽ നൽകി പുതിയ ദേശീയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (IIT, IIM, Agricultural Universities) ആരംഭിച്ചത്. യൂറോപ്പിലേയും വടക്കേ അമേരിക്കയിലേയും ഒന്നാംകിട സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല ഈ രൂപത്തിൽ കെട്ടിപ്പടുക്കാൻ സർക്കാർ വൻ നിക്ഷേപം തന്നെ നടത്തി. ശാസ്ത്രസാങ്കേതിക വിദഗ്ധരുടെ കാര്യത്തിൽ ലോകത്തിലെ മൂന്നാമത്തെ ശക്തിയായി വളരാൻ ഈ നടപടികൾ വഴിതെളിച്ചു. എന്നാൽ ഗുണ

മേഖയിൽ മുൻപന്തിയിൽ നിലകൊണ്ട ദേശീയ സ്ഥാപനങ്ങൾ ഉല്പാദിപ്പിച്ച മനുഷ്യവിഭവശേഷിയുടെ പ്രയോജനം പൂർണ്ണമായും രാഷ്ട്രത്തിന് ലഭിച്ചില്ല. ഗ്രീൻ കാർഡിന്റെ അരികുപററി നടന്ന അവർ കൂടുതൽ ആകർഷകമായ വിദേശ മേച്ചിൽപ്പുറങ്ങളിൽ കുടിയേറി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിച്ച ബിരുദധാരികളെ ഉൾക്കൊള്ളാൻ സമ്പദ്ഘടനയുടെ താഴ്ന്ന വളർച്ചാനിരക്കിന് കഴിഞ്ഞില്ല. ഫലമോ വർദ്ധിച്ച തൊഴിലില്ലായ്മ. കാർഷികമേഖല ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ സേവനമനുഷ്ഠിക്കാൻ അനുയോജ്യമായ ഒരു മനുഷ്യവിഭവശേഷി രൂപപ്പെടുത്തുവാൻ നമ്മുടെ ഉന്നതവിദ്യാസ മേഖലയുടെ വളർച്ചയ്ക്ക് സാധിച്ചില്ല. ആഭ്യന്തര വെല്ലുവിളികൾ നേരിടുന്നതിൽ പരാജയപ്പെട്ട നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന് ആഗോളതലത്തിൽ മനുഷ്യ വിഭവശേഷിയുടെ വികസനത്തിലും ഗവേഷണരംഗങ്ങളിലും ഉണ്ടായ മാററങ്ങൾക്കനുസൃതമായി മുന്നേറാനും കഴിഞ്ഞില്ല.

സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിൽ നിന്ന് മോചനം ലക്ഷ്യമാക്കുന്ന ഒരു സമൂഹം ഉന്നത വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനവും ഗുണമേന്മയും സംബന്ധിച്ച പല സുപ്രധാന കാൽവെയ്പ്പുകൾക്കും രാധാകൃഷ്ണൻ കമ്മീഷൻ (1948-49), കോത്താരി കമ്മീഷൻ (1964-66) റിപ്പോർട്ടുകൾ ഇടയാക്കി. ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഫീസുകൾ നിയന്ത്രിക്കുക, പ്രാദേശിക ഭാഷകൾക്ക് പ്രോത്സാഹനം നൽകുക, പിന്നാക്കവിഭാഗങ്ങൾക്ക് സംവരണാനുകൂല്യം നൽകുക തുടങ്ങിയ നടപടികൾ ഉന്നത വിദ്യാഭ്യാസരംഗത്ത് വിവിധ ജനവിഭാഗങ്ങൾക്ക് കടന്നുവരാനുള്ള അവസരങ്ങൾ ഇന്ത്യയിൽ സൃഷ്ടിച്ചു.

ഉന്നതവിദ്യാഭ്യാസത്തെ വർത്തമാനകാലത്തിലും ഭാവിയിലേക്കുമുള്ള ഒരു നിക്ഷേപമായാണ് നമ്മുടെ ദേശീയ വിദ്യാഭ്യാസ നയം (1986) വിവക്ഷിച്ചിട്ടുള്ളത്. അറിവിന്റെ പുത്തൻ യുഗത്തിൽ ഉന്നതമായ അറിവിന്റെ സാർവ്വത്രീകരണത്തിലൂടെ മാത്രമേ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഒരു ജനതയ്ക്ക് പുരോഗതി നേടാനാവൂ. ലോകബാങ്ക് 192 രാജ്യങ്ങളിൽ നടത്തിയ പഠനം ഈ നിഗമനം ശരിവയ്ക്കുന്നു. ഭൗതികമൂലധനത്തെ അപേക്ഷിച്ച് മനുഷ്യവിഭവ മൂലധനമാണ് വികസനത്തിന്റെ ആണിക്കല്ല് എന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്. (Higher Education: Lessons of Experience; 1994). യുനെസ്കോയുടെ നേതൃത്വത്തിൽ 21-ാം നൂററാണ്ടിലേയ്ക്കുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് പഠനം നടത്തിയ അന്താരാഷ്ട്ര വിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടിൽ ഉന്നത വിദ്യാഭ്യാസം വികസനത്തിന്റെ ചാലകശക്തിയെന്ന് വിവരിച്ചിരിക്കുന്നു (Learning: The Treasure within: 1996).

അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു പുത്തൻ വിപ്ലവത്തിന്റെ ആരംഭദിശയിലൂടെയാണ് ലോകം ഇന്ന് കടന്നുപോകുന്നത്. ഈ ലോകത്തിന്റെ മേലുള്ള ആധിപത്യത്തിന്റെ താക്കോൽ അറിവിന്റെ മേഖലയിലാണെന്നും പുത്തൻ കൊളോണിയൽ ശക്തികൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. അസംസ്കൃത വസ്തുക്കളുടെ മേലുള്ള ആധിപത്യം ഉറപ്പിച്ചുകൊണ്ടാണ് ഒന്നാം കോളനിവൽക്കരണം സാധ്യമാക്കിയതെങ്കിൽ അറിവിന്റെ മേലുള്ള ആധിപത്യം സ്ഥാപിച്ചുകൊണ്ടാണ് രണ്ടാം കോളനിവൽക്കരണം മുന്നേറുന്നത്. അന്താരാഷ്ട്ര ഏജൻസികൾ മുതൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും വരെ അറിഞ്ഞും അറിയാതെയും രണ്ടാം കോളനിവൽക്കരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി അനുദിനം മാറിക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം സമൂഹത്തിന് മൊത്തം പ്രയോജനം ചെയ്യുന്ന ഒരു Public good (പൊതുനന്മ) ആയി വിവക്ഷിച്ചിരുന്ന സ്ഥാനത്ത് വ്യക്തിപരമായ നേട്ടത്തിനുമാത്രം ഉപകരിക്കുന്ന ഒരു Private good ആയി അതിനെ ഭരണകൂടങ്ങൾ പോലും നിർവ്വചിക്കാൻ തുടങ്ങിയിരിക്കുന്നു. സബ്സിഡികൾ സംബന്ധിച്ചുള്ള ഇന്ത്യാ ഗവൺമെന്റിന്റെ നയരേഖയിൽ (1997) ഉന്നതവിദ്യാഭ്യാസത്തെ ഒരു നോൺ മെറിററ് ഗുഡ് ആയിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസം അതു നേടുന്നവർക്ക് മാത്രമാണ് പ്രയോജനം ചെയ്യുന്നതെന്നും സമൂഹത്തിന് മൊത്തമായി പ്രയോജനം ചെയ്യില്ലെന്നും ആയതിനാൽ ഈ രംഗത്ത് സബ്സിഡികൾ ആവശ്യമില്ലെന്നുമാണ് വാദം. ഇതിന്റെ ചുവടുപിടിച്ച് പടച്ചുവിട്ടിട്ടുള്ള 'അംബാനി-ബിർള' റിപ്പോർട്ട് (2000) ഉന്നതവിദ്യാഭ്യാസ രംഗത്ത് ആഗോള കമ്പോളവൽക്കരണ അജണ്ടയാണ് അവതരിപ്പിക്കുന്നത്. ഇതിന്റെ പ്രതിഫലനങ്ങൾ അധികാരത്തിലേറി അധികനാൾ കഴിയും മുൻപെ സാമ്പത്തിക അച്ചടക്കത്തിന്റെ മറവിൽ കേരളസർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ (2001) കാണാൻ കഴിയും. വിദ്യാഭ്യാസരംഗത്തെ സർക്കാർ നിക്ഷേപം കുത്തനെ കുറച്ചുകൊണ്ടു വരുന്നതിന് കേരളസർക്കാർ മുന്നോട്ടുവച്ചിട്ടുള്ള എട്ടു നിർദ്ദേശങ്ങൾ അതിൽ കാണാം. സർക്കാർ-എയിഡഡ് മേഖലയുടെ സ്ഥാനത്ത് സ്വാശ്രയ കോളജുകൾ ധാരാളമായി ആരംഭിക്കുക എന്നതാണ് നിർദ്ദേശങ്ങളുടെ അന്തഃസത്ത.

ന്യൂനപക്ഷങ്ങൾക്കു വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താൻ അവകാശം നൽകുന്ന ഭരണഘടനയിലെ 30(1) അനുച്ഛേദത്തെപ്പററി സുപ്രീംകോടതി 2003ൽ പുറപ്പെടുവിച്ച വിധി അൺ എയിഡഡ് വിദ്യാലയങ്ങൾക്ക് കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യം നൽകുന്നതായിരുന്നു. ആഗോളവൽക്കരണ പരിഷ്ക്കാരങ്ങളുടെ ചുവടുപിടിച്ച് സ്വകാര്യ മൂലധന താല്പര്യങ്ങളെ സംരക്ഷിക്കുന്ന സുപ്രീംകോടതി വിധി ഭരണഘടന ഉറപ്പുനൽകുന്ന അവസരസമത്വത്തെയാണ് നിരാകരിച്ചത്. ജസ്റ്റിസ് കെ.ടി.തോമസ് കമ്മിററി നിലവിൽ വന്നത് ഈ പശ്ചാത്തലത്തിലാണ്. കമ്മിററിയുടെ ശുപാർശകൾ വിലയിരുത്തുമ്പോൾ മുകളിൽ വിവരിച്ച സംഗതികൾ കണക്കിലെടുക്കേണ്ടതുണ്ട്.

## ഭാരിച്ച ഫീസ്

നവസാമ്പത്തിക നയങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ ശ്രമിച്ച പല ജനദ്രോഹപരമായ പരിഷ്ക്കാരങ്ങളുടെയും നടത്തിപ്പ് ചുമതലക്കാരായി രംഗപ്രവേശം ചെയ്തത് ക്ലീൻ ഇമേജു'കാർ എന്ന വിഭാഗത്തിൽപ്പെട്ടവരായിരുന്നു. കേന്ദ്രത്തിലെ ചില മന്ത്രാലയങ്ങളുടെ നിയന്ത്രണം ഈ ഗണത്തിൽപ്പെട്ട അരാഷ്ട്രീയക്കാർക്കായിരുന്നു. കേരളത്തിലും ഈ തന്ത്രം തന്നെയാണ് പ്രയോഗിക്കുന്നത്.

മെയ് 21ന് കെ.ടി.തോമസ് കമ്മിററി സ്വാശ്രയ എഞ്ചിനീയറിംഗിന് 38,700 രൂപയും എം.സി.എക്ക് 38,500 രൂപയും വാർഷിക ട്യൂഷൻ ഫീസായി പ്രഖ്യാപിച്ചു. ഏതാണ്ട് ഒരാഴ്ചയ്ക്കു ശേഷം (മെയ് 28ന്) സ്വാശ്രയ മെഡിക്കൽ ഫീസ് 1.13 ലക്ഷവും ബി.ഡി.എസിന് 76,000 രൂപയായും നിശ്ചയിച്ചു.

സ്വാശ്രയ എഞ്ചിനീയറിംഗ്-മെഡിക്കൽ കോഴ്സുകളിൽ മെറിററ്, പേമെന്റ് സീററുകളിൽ ഏകീകരിച്ച ഫീസ് നിരക്ക് നിശ്ചയിച്ച കമ്മിററി ശുപാർശകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. എഞ്ചിനീയറിംഗ്, എം.സി.എ കോഴ്സുകൾക്ക് കോളജുകളിലെ ഫീസിന്റെ ഏതാണ്ട് പത്തിരട്ടിയാണ്. മെറിററ് കോട്ടയും മാനേജ്മെന്റ് കോട്ടയും എന്ന വേർതിരിവില്ലാതെ എല്ലാവരും ഒരേ ഫീസ് തന്നെ നൽകണമെന്നത് ഈ കാര്യത്തിൽ സർക്കാരിന്റെ രണ്ടു സ്വാശ്രയകോളജുകൾ സമം ഒരു ഗവൺമെന്റ് കോളജ് എന്ന സൂത്രവാക്യത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നതാണ്. കേന്ദ്രത്തിലെ കോൺഗ്രസ് നേതൃത്വത്തിലുള്ള മൻമോഹൻസിംഗ് മന്ത്രിസഭ അംഗീകരിച്ച മിനിമം പരിപാടിക്ക് (സി.എം.പി) വിരുദ്ധമായ ഒരു നിലയിലാണ് കേരളത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള മന്ത്രിസഭ കാര്യങ്ങൾ മുന്നോട്ടു നീക്കുന്നത്. വിദ്യാഭ്യാസവും ആരോഗ്യവും ഉൾപ്പെടുന്ന സാമൂഹ്യമേഖലയെ സംബന്ധിച്ചുള്ള ഐക്യപുരോഗമന മുന്നണിയുടെ പൊതുമിനിമം പരിപാടിയിലെ പരാമർശം വളരെ ശ്രദ്ധേയമാണ്. ""The UPA will ensure that nobody is denied professional education because he or she is poor". പാവപ്പെട്ടവനായതുകൊണ്ട് മാത്രം ഒരാൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസം നിഷേധിച്ചുകൂടാ. സാമൂഹ്യനീതിയുടെ നിഷേധത്തിനെതിരെ നിലകൊള്ളുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന കേന്ദ്രസർക്കാരിന്റെ നിലപാടിന് കടകവിരുദ്ധമായ ഒരു നിലപാട് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി സ്വീകരിക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയതും സമീപകാലത്ത് പുറത്തുവന്നതുമായ യു.ആർ.റാവു കമ്മിററി റിപ്പോർട്ട് കേരളത്തിലെ ഫീസ് നിരക്കുകൾ സംബന്ധിച്ചുള്ള വിവാദങ്ങൾക്ക് ഒരുപക്ഷേ, ദിശാബോധം നൽകിയേക്കും. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല നേരിടുന്ന രണ്ടു പ്രധാന പ്രശ്നങ്ങൾ സാമൂഹ്യ നീതിയുടെയും ഗുണമേന്മയുടേതുമാണ് എന്ന് കമ്മിററി വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിലെ അനിയന്ത്രിതമായ സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച, രാജ്യത്തിന്റെ സാങ്കേതിക വളർച്ചാ ആവശ്യത്തെക്കാൾ അധികമായിരുന്നുവെന്നും, യഥാർത്ഥ ഡിമാന്റിൽ അധികം സീററുകൾ ഇവിടെ സൃഷ്ടിക്കപ്പെട്ടു എന്നും കമ്മിററിയുടെ പഠനം വിലയിരുത്തുന്നു. കമ്മിററിയുടെ പഠനത്തിൽ കാണുന്നത്, രാജ്യത്തിന് ഏതാണ്ട് 75,000 എഞ്ചിനീയറിംഗ് സീററുകൾ ആവശ്യമുള്ളപ്പോൾ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ സമിതി (AICTE) യഥാർത്ഥത്തിൽ അനുവദിച്ചത് 3,80,000 സീററുകളായിരുന്നു. തമിഴ്നാട്ടിൽ തന്നെ 20,000 എഞ്ചിനീയറിംഗ് സീററുകൾ ഒഴിഞ്ഞുകിടന്നതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇത് വിദ്യാഭ്യാസ കച്ചവടക്കാരുടെ പ്രേരണയ്ക്ക് വശമായി എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള 'കട്ട് ഓഫ്' മാർക്ക് 45 ശതമാനമായി കുറയ്ക്കുന്നതിന് എ.ഐ.സി.ടി.ഇയെ പ്രേരിപ്പിച്ചു, പാവപ്പെട്ട യോഗ്യതയുള്ളവർ പുറത്തുനിൽക്കുമ്പോൾ അർഹതയില്ലാത്ത സമ്പന്നരെക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസരംഗം നിറഞ്ഞുനിൽക്കുന്നുവെന്ന് കമ്മിററി കണ്ടെത്തിയിട്ടുണ്ട്. പുതിയ ഫീസ് ഘടന നിലവിൽവന്നാൽ പ്രൊഫഷണൽ രംഗത്തെ കേരളത്തിലും യോഗ്യതയുള്ള സാധാരണ വിദ്യാർത്ഥികൾക്ക് കയറിപ്പററാൻ കഴിയില്ല. നിലവിലുള്ള സാമൂഹ്യ സാമ്പത്തിക കടമ്പകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് പുറമേയാണിത്. ഉന്നതവിദ്യാ

ഭ്യാസം കൊണ്ട് പരിഹരിക്കാൻ ശ്രമിച്ചു വന്ന സാമൂഹ്യ അസമത്വത്തിന്റെ ആഴവും പരപ്പും ജസ്റ്റിസ് കെ.ടി.തോമസ് കമ്മിററി ശുപാർശകൾ നടപ്പിലായാൽ വർദ്ധിക്കുമെന്ന കാര്യത്തിൽ പുതിയ ഗവേഷണമൊന്നും നടത്തേണ്ടതില്ല. അറുപതിനായിരം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ 18,000 ഫീസ് നൽകിയാൽ മതിയായിരുന്നിടത്ത്, ഈ വർഷം മുതൽ 38,700 രൂപ നൽകേണ്ടിവരും. നിലവിലുള്ള സംവരണ സമ്പ്രദായവും പുതിയ തീരുമാനം നടപ്പിലാക്കുന്നതോടുകൂടി നിഷ്ഫലമാകും. കുമാരപിള്ള കമ്മിഷന്റെ പുതുക്കി നിശ്ചയിച്ച വരുമാനപരിധിയിൽ വരുന്നവർക്ക് ഫീസ് ഇളവ് അനുവദിക്കണമെന്നും ഈ ഇളവിന് തുല്യമായ തുക മാനേജ്മെന്റുകളും സർക്കാരും തുല്യമായി പങ്കുവയ്ക്കണമെന്നും നിർദ്ദേശിക്കുന്ന ചില മാനേജ്മെന്റുകൾ രംഗത്തെത്തിയിട്ടുണ്ട്. എന്നാൽ ഫീസിന്റെ ഏകീകരണമെന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലായെന്നു ഇവർ വാദിക്കുന്നു.

### ഫീസ് ഘടന

| കോഴ്സ് | 2003-04 | 2004-05 |
|---|---|---|
| എഞ്ചിനീയറിംഗ് | 36,000 | 38,700 |
| എം.ബി.ബി.എസ് | 1.76 ലക്ഷം | 1.13 ലക്ഷം |
| ബി.ഡി.എസ് | 1.75 ലക്ഷം | 76,000 |

*കണക്കുകൾ രൂപാ നിരക്കിൽ*

ഇന്ത്യയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുമത്തുന്ന ഫീസുകൾ ഇപ്പോൾത്തന്നെ രാജ്യത്ത് ആളോഹരി വരുമാനത്തിന്റെ മൂന്നിരട്ടിയാണ് എന്ന യു.ആർ.റാവു കമ്മിററിയുടെ കണ്ടെത്തൽ നമ്മുടെ കമ്മിററിക്കാർ തള്ളിക്കളഞ്ഞത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കേണ്ടതാണ്. വികസിത രാജ്യങ്ങൾ അവരുടെ ആളോഹരി വരുമാനത്തിന്റെ മൂന്നിൽ ഒന്ന് മാത്രമാണ് ഫീസായി ഈടാക്കുന്നത്. യു.ആർ.റാവു കമ്മിററിയുടെ ശുപാർശ അനുസരിച്ച് സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളിലെ വാർഷിക ഫീസ് നിരക്ക് ആറായിരം രൂപയാക്കി കുറയ്ക്കണമെന്നതാണ്. ഇന്ത്യയിലെ ആളോഹരി വരുമാനം 18,000 രൂപയെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ഫീസ് നിരക്ക്. അമേരിക്കയിലെപോലും ഫീസ്നിരക്ക് ഈ രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്ന് കമ്മിററി ചൂണ്ടിക്കാണിക്കുന്നു. ദേശീയ സമ്പത്തിന്റെ പത്തുശതമാനമെങ്കിലും വിദ്യാഭ്യാസത്തിന് മാററിവയ്ക്കണമെന്ന് കമ്മിററി ശുപാർശ ചെയ്യുന്നുണ്ട്.

കമ്പോളത്തിന്റെ ഏററക്കുറച്ചിലുകൾക്ക് അനുസരിച്ച് ചാഞ്ചാടുന്ന ഒരു വിദ്യാഭ്യാസ വ്യവസ്ഥയുടെ പരിമിതികൾ പലതാണ്. മാർക്കററിൽ വിജയിക്കുന്നതെന്തോ അത് ഗുണമേന്മയായി വാഴ്ത്തപ്പെടുന്നു. ദീർഘകാലാടിസ്ഥാനത്തിൽ മാത്രം പ്രയോജനം ചെയ്യുന്ന അടിസ്ഥാന ഗവേഷണവും പ്രത്യക്ഷത്തിൽ പ്രയോജനപ്രദമല്ലാത്ത മാനവിക ഭാഷാ പഠനങ്ങളും ഗുണമേന്മ പട്ടികയിൽ താഴോട്ടുപോയി. തൊഴിലധിഷ്ഠിത കോഴ്സുകളും (നടത്തുന്നവർക്ക് തൊഴിൽ എന്നു സാരം) കമ്പ്യൂട്ടർ കോഴ്സുകളും മാർക്കററിന്റെ ഗ്രാഫിൽ മുകളിലെത്തി. വമ്പിച്ച പരസ്യങ്ങളുടെ അകമ്പടിയോടെ കടൽകടന്നെത്തുന്ന വൈദേശിക കോഴ്സുകൾക്കും ആവശ്യക്കാർ ഏറെയാണ്.

സ്വാശ്രയ സമ്പ്രദായം വികസിപ്പിച്ചുകൊണ്ട് വിദ്യാർത്ഥിപ്രവേശനത്തിന്റെ ശതമാനം ഉയർത്താമെന്ന മോഹം അസ്ഥാനത്താണ്. സ്വാശ്രയ വിദ്യാലയങ്ങൾ എയിഡഡ് വിദ്യാലയങ്ങൾക്ക് താങ്ങാവുകയല്ല, അവയെ തളർത്തുകയാണ് ചെയ്തത്. പഠിക്കാൻ അവസരങ്ങൾ ഉണ്ടായാൽ മാത്രം പോര, അവസരങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള സാമ്പത്തിക ശേഷിയും വേണം. സാമ്പത്തികശേഷിയുടെ അഭാവമാണ് എഞ്ചിനീയറിംഗ് കോളജുകളിലെ സീററുകളുടെ എണ്ണത്തിനനുസരിച്ച് വിദ്യാർത്ഥികളെ കണ്ടെത്താൻ കഴിയാത്തതിന് കാരണം. സർക്കാർ കണക്കനുസരിച്ചുതന്നെ ഇരുപത്തിയഞ്ച് ശതമാനത്തിലധികം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ സമ്പൂർണ്ണ സ്വാശ്രയത്വം വിനാശത്തിലേക്കുള്ള വഴിയാണ്. പുതിയ ഫീസ് നിരക്കുകൾ നടപ്പിലായാൽ സാമൂഹ്യ നീതിയുടെ നിഷേധത്തിന് സ്റേററിന്റെ അംഗീകാരം ലഭിക്കുന്നതിന് തുല്യമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇത് ഗുണനിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടും. കേന്ദ്രസർക്കാരിന്റെ അംഗീകൃത പൊതുമിനിമം പരിപാടിയുടെ അന്തഃസത്തയ്ക്ക് നിരക്കാത്ത നടപടി കൂടിയാണ്. ഇത്തരം പ്രശ്നങ്ങൾ മുൻനിർത്തി കേരളത്തിലെ പുരോഗമന ശക്തികളും അക്കാദമിക സമൂഹവും യോജിച്ച പഠനങ്ങൾക്കും പോരാട്ടങ്ങൾക്കും രൂപംനൽകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത കൂടിയാണ്.

# തലയിൽ തീച്ചൂളയുമായി "പ്രൊഫസർ"

പ്രൊഫ. വി.എൻ.മുരളി
മുൻ ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ

**കൺമുമ്പിൽ കണ്ട ചൂഷണവ്യവസ്ഥയോടുള്ള കടുത്ത പ്രതിഷേധത്തിൽ നിന്നാണ് മുണ്ടശ്ശേരിയുടെ ജീവിതദർശനം രൂപപ്പെട്ടത്.**

തൃശൂർ സെന്റ് തോമസ് കോളേജിൽ ഫിസിക്സ് ഡെമോൺസ്ട്രേറ്ററായിട്ടാണ് മുണ്ടശ്ശേരി അദ്ധ്യാപകജീവിതം ആരംഭിക്കുന്നത് (1928). പഠിച്ച കോളേജിൽ അദ്ധ്യാപകനാവുക അഭിമാനകരമാണല്ലോ. മലയാള ഭാഷയോടും സാഹിത്യത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക താല്പര്യം മൂലം വീണ്ടും പഠനം തുടർന്ന് സെന്റ് തോമസിൽതന്നെ ഭാഷാവിഭാഗം അദ്ധ്യക്ഷനായി ഉയർന്നു. കോളേജദ്ധ്യാപകന്റെ കഷ്ടതകൾ അദ്ദേഹം നേരിട്ട് അനുഭവിച്ചറിയുന്നത് അവിടെവച്ചാണ്.



കൺമുമ്പിൽ കണ്ട ചൂഷണവ്യവസ്ഥയോടുള്ള കടുത്ത പ്രതിഷേധത്തിൽനിന്നാണ് മുണ്ടശ്ശേരിയുടെ ജീവിതദർശനം രൂപപ്പെട്ടത്. ഉഴവുകാളകളെപ്പോലെ പണിയെടുത്താലും അദ്ധ്യാപകൻ അന്നു ജീവിച്ചത് നിത്യദാരിദ്ര്യത്തിലായിരുന്നു. ഈ ദുരവസ്ഥ ലോകത്തെ അറിയിക്കാൻ അദ്ദേഹം ഒരു നോവലെഴുതി 'പ്രൊഫസർ'. ഈ നോവലിലെ നായകൻ പ്രൊഫ. ലോപ്പസ്, മുണ്ടശ്ശേരിയുടെ പ്രതിരൂപമാണ്. തലയിൽ വല്ലാത്തൊരു തീച്ചൂളയുമായി ജീവിക്കുന്ന പ്രൊഫ. ലോപ്പസിന്റെ കഥ അന്നത്തെ എല്ലാ സ്വകാര്യ കോളേജദ്ധ്യാപകരുടെയും ജീവിതകഥ തന്നെ. നോവൽ ഇങ്ങനെ തുടങ്ങുന്നു: "മി. ലോപ്പസ് പറഞ്ഞുപറഞ്ഞ് സ്വന്തം കാര്യത്തിലെത്തി. അതിനാണദ്ദേഹം അന്നുരാവിലെ കരഞ്ഞു കാലിൽപിടിച്ച കുട്ടിയെ തള്ളിമാററി സ്റ്റഡിറൂമി'ൽ നിന്നെണീററ് പ്രിൻസിപ്പാളെ കാണാൻ പോയതും. പ്രാതൽ കഴിഞ്ഞ് പ്രസന്നനായി നല്ലൊരു ചൂരൽച്ചാരുകസാലയിൽ കൊടുംകൈ കുത്തിക്കിടന്നു വർത്തമാനങ്ങൾ കേട്ടുകൊണ്ടിരുന്ന പ്രിൻസിപ്പാളോട് അദ്ദേഹം: "ലാസ്റ്റ് സാററർഡേ

ഞാൻ ഒരപക്ഷേ എഴുതി ആപ്പീസിലെ മേശപ്പുറത്ത് വച്ചിരുന്നത് കണ്ടോ എന്നറിഞ്ഞില്ല. നേരിട്ട് ആവലാതി പറഞ്ഞ് ശല്യപ്പെടുത്തേണ്ടെന്നു കരുതി അങ്ങനെ എഴുതിവെച്ചൂന്നേള്ളൂ". സ്വതേ കടലാസും മഷിയുമായി കീഴ്ജീവനക്കാർ കാര്യം പറയുന്നതിഷ്ടപ്പെടാറില്ലാത്ത പ്രിൻസിപ്പാൾ ആ രണ്ടാമത്തെ വാക്യം വന്നപ്പോൾ അല്പം സമാധാനപ്പെട്ടിരിക്കണം. അദ്ദേഹം ചുണ്ടത്തൊളിച്ചും മാറിയും നിന്നിരുന്ന പുഞ്ചിരിയെ പെട്ടെന്നുള്ളിലേക്ക് വലിച്ച് - "അതുകൊണ്ടൊന്നുമല്ല. പക്ഷേ മി. ലോപ്പസ് നിങ്ങളൊന്നും മാനേജുമെന്റിന്റെ ബുദ്ധിമുട്ടുകൾ അറിയുന്നില്ലല്ലോ. സകലത്തിനും തീപിടിച്ച വിലയുള്ള ഇക്കാലത്താണ് കെട്ടിടം കെട്ടേണ്ടി വന്നിട്ടുള്ളത്. ഒരു ഇരുപതിനായിരം കൂടി ഇറങ്ങിയാലേ തുടങ്ങിയ പണി തീരുള്ളൂ. Who is to finance the Management? The arteries of the mission are all dry. The authorities are in a fix. പ്ലേഗ്രൗണ്ടിന്റെയും മററും കാര്യം കിടക്കുന്നതേയുള്ളൂ. ഗവൺമെന്റാണെങ്കിൽ തിരിഞ്ഞുനോക്കുന്നില്ല".

"വല്ലതും കൂട്ടിത്തന്നില്ലെങ്കിൽ ഞാൻ വീഴ്ചയിലാവും". "ഈ ഇൻസ്റ്റിററ്യൂഷനിൽ രാവും പകലുമില്ലാതെ പണിയെടുത്തിട്ട് എന്നപ്പോലെ ചിലർക്ക് കുടുംബം പുലർത്താനൊക്കുന്നില്ലെന്നുള്ള പരമാർത്ഥം" പ്രൊഫ. ലോപ്പസ് ആവർത്തിക്കുമ്പോൾ പ്രിൻസിപ്പൽ നൽകുന്ന വേദോപദേശം കേൾക്കുക:

"My dear friend, misfortune can't be averted. Persons with lesser monthly income do manage to save much. You and I with much better salary have failed to make both ends meet. Who can help us....."

പ്രൊഫ. ലോപ്പസിന്റെ കഷ്ടപ്പാടുകൾ വിധിവിഹിതമാണെന്നു സ്ഥാപിക്കാൻ അധികാരികൾ നടത്തുന്ന ശ്രമം അവരുടെ എക്കാലത്തേയും തന്ത്രമാണെന്ന് അദ്ദേഹത്തിനറിയാം. "കോളേജ് പരസ്പര സഹായ തത്വത്തിന്മേൽ അടിസ്ഥാനപ്പെട്ടു നിൽക്കുന്നൊരു സ്ഥാപനമല്ലെന്നും, കെട്ടിടം കെട്ടലും മററും ഉടമസ്ഥന്മാർ അതാത് കാലത്ത് ചെയ്യേണ്ട ക്യാപ്പിററൽ ഇൻവെസ്റ്റ്മെന്റാണെന്നും, അതിലേക്കാവശ്യമായ പണം, നിത്യവും വണ്ടിക്കാളയെപ്പോലെ പണിയെടുത്ത് കിതച്ചിറങ്ങിപ്പോകുന്ന അദ്ധ്യാപകരുടെ 'കരിക്കാടി'യിൽ നിന്നും പിടിച്ചല്ല ഉണ്ടാക്കേണ്ടതെന്നും നല്ലപോലെ അറിയാം മി.ലോപ്പസ്സിന്". പക്ഷേ ലോപ്പസിന് അതൊക്കെ ഉച്ചത്തിൽ വിളിച്ചുപറയാൻ കഴിയുമായിരുന്നില്ല. എങ്കിൽ അപ്പോൾതന്നെ പിരിച്ചുവിടൽ ഉറപ്പ്. "അയാൾ അരിശമെല്ലാം കടിച്ചിറക്കി, ആ പഴയ കുടയും ചെരിപ്പുമെടുത്ത് അവിടെനിന്നിറങ്ങിയപ്പോൾ മി. ലോപ്പസ് നൈരാശ്യത്തിന്മേൽ നൈരാശ്യമേ കണ്ടുള്ളൂ". "ഏററവും കുറഞ്ഞ ശമ്പളത്തിന്മേൽ എത്രമേൽ ജോലി ചെയ്യിക്കാമെന്നല്ലാതെ ചെയ്യുന്ന ജോലിക്കുള്ള ശമ്പളം കൊടുക്കാമെന്നാലോചിക്കാത്ത വ്യവസായിവർഗത്തോട് എങ്ങനെ ഫലിക്കാനാണ് ന്യായവാദങ്ങൾ!"

പ്രൊഫ. ലോപ്പസ് എന്ന ഈ കഥാപാത്രത്തെ സൃഷ്ടിച്ച മുണ്ടശ്ശേരി 1957ലെ ഇ.എം.എസ് മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രി ആയതും, അദ്ധ്യാപകർ മാത്രമല്ല, കേരളീയരാകമാനം ഇന്നും ഓർക്കുന്ന വിദ്യാഭ്യാസ ബില്ല് അവതരിപ്പിച്ചതും കേരളചരിത്രത്തിലെ തിളങ്ങുന്ന സന്ദർഭങ്ങളാണ്. (തുടരും)

അനുമോദനങ്ങൾ

## ഡോ. പ്രഭാകരൻ പഴശിക്ക് പി. ടി. ഭാസ്കരപ്പണിക്കർ അവാർഡും അബുദാബി ശക്തി അവാർഡും



കൊടുങ്ങല്ലൂർ ബാലസാഹിത്യസമിതി ഏർപ്പെടുത്തിയ പി. ടി. ഭാസ്ക്കരപ്പണിക്കർ അവാർഡും അബുദാബി മലയാളിയുടെ സംഘടനകൾ നൽകുന്ന അബുദാബി ശക്തി അവാർഡും പ്രഭാകരൻ പഴശിയുടെ "മൃഗഡോക്ടർ" എന്ന ബാലസാഹിത്യ കൃതിക്ക് ലഭിച്ചു. കണ്ണൂർ എസ്.എൻ.കോളജ് മലയാള വിഭാഗത്തിൽ അദ്ധ്യാപകനായ പ്രഭാകരൻ പഴശി എ.കെ.പി.സി.ടി.എ സംസ്ഥാന അക്കാദമിക് കമ്മിററി അംഗവും കണ്ണൂർ-കാസർഗോഡ് ജില്ലാ അക്കാദമിക് കമ്മിററി കൺവീനറുമാണ്.

അറിയപ്പെടുന്ന കഥാകൃത്തായ പ്രഭാകരൻ പഴശ്ശി 'കുചേലന്റെ കുട്ടികൾ', 'ഉദകമണ്ഡലം' എന്നീ കഥാസമാഹാരങ്ങളും ചെറുകാടിന്റെ ലോകം, സഞ്ജയൻ - കാലത്തിന്റെ മനസ്സാക്ഷി എന്നീ ജീവചരിത്രകൃതികളും മാജിക്മാമൻ, ചിരിക്കുന്ന പൂച്ച, മന്ദാരക്കുരുവിയും കുറുമ്പ കുട്ടിശങ്കരനും, മൃഗഡോക്ടർ എന്നീ ബാലസാഹിത്യ കൃതികളും രചിച്ചിട്ടുണ്ട്. "മാജിക്മാമൻ" 1997ലെ ചെറുകാട് അവാർഡിന് അദ്ദേഹത്തെ അർഹനാക്കുകയുണ്ടായി. ടെലിഫിലിം സംവിധായകൻ, ടെലിവിഷൻ പ്രോഗ്രാം അവതാരകൻ എന്നീ നിലയിലും അറിയപ്പെടുന്ന പഴശ്ശി, കേരള സർക്കാർ പ്രസിദ്ധീകരണമായ "സംസ്കാര കേരള"ത്തിന്റെ എഡിററററായി ഡപ്യൂട്ടേഷനിൽ പ്രവർത്തിച്ചിട്ടുണ്ട്.

# വെക്കേഷൻ ഡയറി

## ഗന്ധർവ്വ വിവാദം

വേനൽച്ചൂട് കഠിനമായപ്പോൾ അത് ഹൃദയങ്ങളെ ജയിക്കുന്ന സംഗീതത്തെയും ബാധിച്ചുവോ? പത്മശ്രീ യേശുദാസിന്റെയും മകന്റെയും റോയൽറ്റി വാദം കോലാഹലമായത് അങ്ങനെ ഒരു തോന്നലുണ്ടാക്കി. യേശുദാസിന്റെ ശബ്ദലാവണ്യവും ഉച്ചാരണശുദ്ധിയും ഉരിയാടുന്ന മലയാളിക്ക് ഒരു അബോധമാതൃകയാണ്. തിരുനാൾ കവിതയ്ക്ക് യാത്രപറഞ്ഞ് മണ്ണിന്റെ മക്കൾക്ക് പാട്ടെഴുതിയ പി.ഭാസ്കരന്റെയും വയലാറിന്റെയും വരികളെ ജനകീയ ഭാവത്തിൽ ശാസ്ത്രീയ സംഗീതച്ചിമിഴിലാക്കി നേടിച്ച രാഘവൻ മാസ്റ്ററുടെയും പരവൂർ ദേവരാജന്റെയും പ്രതിഭാശാലിത അത്യപൂർവ്വമായ ശബ്ദാവിഷ്കാരസൗന്ദര്യമാക്കിയ ഗായകനാണ് യേശുദാസ്. ആ സ്വരഇന്ദ്രജാലത്തിന്റെ മൂർധന്യശോഭ എഴുപതുകളിലും എൺപതുകളിലും മലയാളിയുടെ ഉള്ളിൽ പതിഞ്ഞതാണ്. രാജാവ് നഗ്നനാണെന്ന് പറയുന്ന കൊച്ചുകുട്ടി പറയുന്നു, തൊണ്ണൂറുകളുടെ വരവോടെ ആ ശബ്ദം ഇടറിത്തുടങ്ങി. ഒരു നാളിൽ വളരും മറുനാളിൽ തളരും ഓരോ ശക്തിയും മണ്ണിൽ ...... അതുകൊണ്ട് അത് സ്വാഭാവികം. പക്ഷേ മലയാളിയുടെ മനസ്സുനിറയെ ആ പഴയ ഗന്ധർവ്വനായിരുന്നു. അവന്റെ നാദധ്വനികളായിരുന്നു യേശുദാസ് എന്ന സംജ്ഞയെ സംബന്ധിച്ച് സഹൃദയന്റെ മനസ്സിൽ ഉണർന്നു കിടന്നത്. എപ്പോഴോ ഒരു ചാനലിൽ ഗന്ധർവ്വസന്ധ്യ ഉദിച്ചു. ഗായകൻ ആത്മീയാചാര്യനെപ്പോലെ തത്വശാസ്ത്രവും ഉപദേശവും തുടങ്ങി. ഇത് ഏവർക്കും അരോചകമായി. മറ്റൊരു ചാനൽ, ഗായകനെ പരിഹസിച്ച് പരിപാടി അവതരിപ്പിച്ചപ്പോൾ അത് പലർക്കും "സുഖിച്ചത്" ഇതുകൊണ്ടാവണം.



ഗാനഗന്ധർവ്വൻ

## അങ്ങാടിയിൽ തോററതിനോ?

അടുത്ത പൊട്ടിത്തെറി സിനിമാ വ്യവസായത്തിലാണ്. "അമ്മ"യും "മാക്ട"യും തമ്മിൽ മത്സരം. താരങ്ങൾ താരനിശയ്ക്ക് പോകാൻ പാടില്ല എന്ന് മാക്ടയുടെ മുന്നറിയിപ്പ്! അമ്മ വകവച്ചില്ല. ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ മോഹൻലാലിനെ വച്ചും വയ്ക്കാതെയും താരങ്ങളെക്കൊണ്ട് വിലകുറഞ്ഞ കോപ്രായങ്ങൾ കാണിപ്പിക്കുന്ന താരനിശ വ്യവസായക്കാരന്റെ വിഹിതം പറ്റി, സ്കിറ്റും റെക്കോഡ് ഡാൻസും കാണിച്ച് "അമ്മ" തങ്ങളുടെ വീറുകാണിക്കുകയും അഭിമാനം നിലനിർത്തുകയും ചെയ്തു. സിനിമാവ്യവസായം പ്രതിസന്ധിയിലായി. വിലകുറഞ്ഞ ശാസനങ്ങൾ നിർത്തി മാക്ടയും, വിലകുറഞ്ഞ ലൈവ് പ്രത്യക്ഷപ്പെടലുകൾക്ക് വഴങ്ങാതെ അമ്മയും അന്തസ്സു പാലിക്കണം. സിനിമകൊണ്ട് കഴിഞ്ഞുകൂടുന്ന കൊച്ചുവരുമാനക്കാരെ ഓർക്കണം. അപ്പോൾ കരിങ്കാലിപ്പണി ചെയ്യുന്ന പുത്തൻ സൂപ്പർസ്റ്റാറുകളും ഉദയംചെയ്യില്ല.



"അമ്മ"യുടെ സാരഥി

# കരൾ ഉരുകിപ്പാടിയ സൈഗാൾ

ഇന്ത്യൻ സംഗീത സാമ്രാജ്യം വാണ ചക്രവർത്തിയായിരുന്നു സൈഗാൾ. തലമുറകളെ കോരിത്തരിപ്പിച്ച ആ മാന്ത്രിക ഗായക നടന്റെ ജന്മശതാബ്ദി 2004 ഏപ്രിൽ 4ന് ആയിരുന്നു.

സ്കൂൾതലത്തിൽ വച്ച് വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന സൈഗാൾ ജീവനസന്ധാരണത്തിന് വേണ്ടി റെയിൽവെ ടൈംകീപ്പറായും ടൈപ്പ്റൈറ്റർ വില്പനക്കാരനായും അദ്ധ്വാനിച്ചു. ജമ്മു-കാശ്മീർ മഹാരാജാവിന്റെ ശമ്പളക്കാരനായ തഹ്സിൽദാർ അമർചന്ദിന്റെയും കേസർഭായിയുടെയും മകനായ കുന്ദൻലാൽ സൈഗാൾ ശാസ്ത്രീയ സംഗീതം അഭ്യസിച്ചിരുന്നില്ല. അമ്മ പാടികേട്ട ഭജനുകൾ ആയിരുന്നു സൈഗാളിലെ ഗായകനെ രൂപപ്പെടുത്തിയത്. അച്ഛനൊപ്പം ഇന്ത്യയുടെ ഉത്തരദേശങ്ങൾ ചുറ്റിക്കറങ്ങിയപ്പോൾ ജമ്മുകാശ്മീരിലെ നാടോടി സംഗീതത്തിൽ ആകൃഷ്ടനായി.



*കുന്ദൻലാൽ സൈഗാൾ*

ടൈപ്പ്റൈറ്റർ വിൽപനക്കാരനായി നടക്കുമ്പോഴാണ് ബി.എൻ സർക്കാരിന്റെ ന്യൂ തിയറ്റേഴ്സിൽ സൈഗാൾ ചേർന്നത്. ഇതിനിടെ സൽമാൻ യൂസുഫ് എന്ന സൂഫിയിൽ നിന്ന് അല്പം സംഗീതം പഠിച്ചു. ഗസൽ, തമ്റി സംഗീതങ്ങളുമായി ഇങ്ങനെ സമ്പർക്കപ്പെട്ടു.

ഗാനത്തിന്റെ ആത്മാവിലൂടെയുള്ള ഏകാന്ത യാനമായിരുന്നു സൈഗാളിന്റെ പാട്ട്. "സ്ട്രീററ്സിംഗറി"ലെ "ബാബുൽ മോരാ", "ദേവദാസി"ലെ "ദഖ്കേദിൻ അബ് ബീതത് നഹിം" തുടങ്ങിയ ഗാനങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. "സിന്ദഗി"യിലെ "സോജാരാജകുമാരീ സോജാ" എക്കാലത്തെയും ഗാനപ്രിയരുടെ ദൗർബല്യമായിത്തന്നെ നിലകൊള്ളുന്നു.

"അവൾ നിൽക്കുന്ന പോൽ നിൽക്കും
അവളെപ്പോൽ നടന്നീടും
അവൾ പോൽ ഭൂഷയണിയും
അയോധ്യയിൽ നതാംഗിമാർ" എന്ന് സീതയെപ്പറ്റി ആശാൻ പറഞ്ഞതിനൊരു മുപ്പതു - നാല്പതുകളിലെ മാതൃകയാണ് സൈഗാൾ. സഹൃദയരുടെ മനംകവർന്ന ഹിന്ദി ഗായകൻ മുകേഷ്, സൈഗാളിന്റെ ആലാപന സവിശേഷതകൾ ആയ തീവ്രവിഷാദഭാവവും അനുനാസികാംശവുമെല്ലാം പകർത്താൻ ശ്രമിച്ചിട്ടുണ്ട്. കോഴിക്കോട് അബ്ദുൾഖാദർ, പാപ്പുക്കുട്ടി ഭാഗവതർ എന്നീ ഗതകാല ഗായകരെ പലരും ആരാധിച്ചത് സൈഗാളിന്റെ പ്രതിരൂപങ്ങൾ എന്ന നിലയിലാണ്. പാപ്പുകുട്ടി ഭാഗവതരെ കേരള സൈഗാൾ എന്ന് വിളിച്ചിരുന്നു.

"മൊഹബത് കേ ആം സൂ" എന്ന സിനിമയിൽ ചെറിയ വേഷത്തിൽ പ്രത്യക്ഷപ്പെട്ട സൈഗാൾ ബോംബെ കണ്ട വലിയ നടന്മാരുടെ നിലയിലേക്ക് ഉയർന്നു. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർസ്റ്റാറാണ് സൈഗാൾ. നിലവിൽ ഉണ്ടായിരുന്ന സൗന്ദര്യസങ്കല്പങ്ങൾക്ക് നിരക്കാത്ത കഷണ്ടിയും മുഖവും സൈഗാളിന്റെ ന്യൂനതകളായി ആർക്കും അനുഭവപ്പെട്ടില്ല. അത്ര ഉദാത്തമായിരുന്നു ആ അഭിനയ മഹിമ.

മദ്യപാനം സൈഗാളിന്റെ പോരായ്മ ആയിരുന്നു. ഗാനാലാപനത്തിന്റെ അപൂർവ്വ തലങ്ങളിലെത്തി കരളുരുകി പാടാറുണ്ടായിരുന്ന സൈഗാൾ കരൾ തകർന്ന് തന്നെ മരിച്ചത് മദ്യപാനം കൊണ്ടായിരുന്നു.

നൂറുവയസ്സു തികയുന്ന ആ അതുല്യപ്പിറവിക്ക് പ്രണാമം. (കടപ്പാട്: കേരള കൗമുദി, ദി ഹിന്ദു)

# ഞെട്ടിക്കുന്ന പീഡനവൈകൃതങ്ങൾ

അടിയന്തിരാവസ്ഥക്കാലത്തെ കക്കയും പോലീസ് ക്യാമ്പിലെ ഉലക്കയും ഈർക്കിലും ഇറാക്കിലെ അബുഖ്റായിബ് ജയിലിൽ തീക്ഷ്ണ ബീഭത്സതയോ



*നഗ്നന്റെ നേരെ കുരയ്ക്കുന്ന നായയെ ചാടിക്കുന്നു.*



*പീഡന വൈകൃതത്തിന് കഠോര സാക്ഷികൾ*

ടെ ഉയിർത്തെണീക്കുന്നു. ജോർജ് ബുഷിന്റെ തിട്ടൂ
രം വാങ്ങിയ ആജ്ഞാനുവർത്തികൾ ക്ളോസററ് ബ്ര
ഷിൽ മലം കുഴച്ച്, മനുഷ്യന്റെ പല്ലടിച്ചിളക്കുന്ന വൈ
വിധ്യ വൈപരീത്യമായി പീഡനസമ്പ്രദായങ്ങൾ പരി
ണമിക്കുന്നു.

ഗോപ്യമായ നിർദേശങ്ങൾ പ്രയോഗതലത്തിൽ പു
തുമാനങ്ങൾ നേടുന്നു എന്നതാണ് ഇതിന്റെ അർത്ഥം.
ക്രമേണ അത് പുറത്തറിയുന്നു. ഹെയ്, ഇങ്ങനെയൊ
ന്നും നിർദ്ദേശത്തിലില്ലായിരുന്നു, ഇത് ചെയ്ത "ക്രൂ
ര"ന്മാർക്ക് "അർഹമായ ശിക്ഷ" കൊടുക്കും, ഇങ്ങ
നെയൊന്നുമല്ല ഞങ്ങൾ അമേരിക്കയിൽ കാര്യങ്ങൾ
ചെയ്യാറ്.... ഇങ്ങനെ നീളും മാലോകരെ ഊശിയാ
ക്കുന്ന ബുഷിന്റെ തെരഞ്ഞെടുപ്പ് ലാക്കാക്കിയുള്ള
ജല്പനങ്ങൾ!

ഒരു മുപ്പത്തിയഞ്ച് വർഷം മുമ്പ് യാങ്കികൾ വിയ
ററ്നാമിൽ വിളയാടിയപ്പോൾ, മൈലായ് എന്ന പ്രദേ
ശത്ത് അഞ്ഞൂറു പൗരജനങ്ങളെ കൂട്ടക്കൊല ചെ
യ്തു. അധിനിവേശ പ്രദേശങ്ങളിലെ വംശഹത്യ,
ബലാൽസംഗം, ബയണററിംഗ്, വൈകൃതപരമായ പീ
ഡനം തുടങ്ങിയവ അമേരിക്കൻ സാമ്രാജ്യത്തിന്റെ സാ
രഭൂതമായ പ്രകൃതമായിരുന്നു. വിയററ്നാം വിമോച
നത്തിന് ശേഷം കഴിഞ്ഞമുപ്പതു കൊല്ലക്കാലമായി
ക്രൂരതയുടെ ഒടുങ്ങാത്ത കഥകൾ പുറത്തുവന്നുകൊ
ണ്ടിരിക്കുന്നു. എന്തിനേറെപ്പറയുന്നു, അമേരിക്കയുടെ
ചരിത്രത്തിലെ നൂററാണ്ടുകൾ കാടത്തത്തിന്റെയും പ
പീഡനത്തിന്റെയും ചോരയിൽ കുതിർന്നിരിക്കുന്നു
വെന്ന് കാണാം. ഏതാണ്ട് 200 വർഷത്തെ ആ രാജ്യ
ത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുതകിയത് അടിമ
പ്പെടുത്തിയ ആഫ്രിക്കൻ നീഗ്രോകളുടെ സേവനമാ
ണ്.

ജാലിയൻവാലാബാഗിൽ നിരപരാധികൾക്ക് നേരെ
നിറയൊഴിച്ച ജനറൽ ഡയറിന്റെ രക്തം, നിലയ്ക്കാ
തെ ഓടുന്ന സിരകളാണ് അമേരിക്കൻ മിലിട്ടറി പോ
ലീസിന്റേതെന്ന് ഇറാക്കിലെ അബുഖ്റായിബ് സാ
ക്ഷ്യപ്പെടുത്തുന്നു. കൂട്ടക്കൊലയിലൂടെ അരങ്ങേറിയ
ഇസ്രായേൽ നേതാവ് ഏരിയൽ ഷാരോണും ബുഷും
ഒരേ തൂവൽപക്ഷികളാണെന്ന് പറയാൻ ഒന്ന് അറ
യ്ക്കുന്നവർ ആരുമുണ്ടാവില്ല. പലസ്തീനികളുടെ സാ
മ്രാജ്യം കുറേശ്ശെ വിഴുങ്ങി അധീശത്വം സ്ഥാപിച്ച് അവ
രുടെ നേതാക്കളെ കൊല്ലുകയും, അവരുടെ വീടു
കൾ ഇടിച്ചുനിരത്തുകയും ചെയ്യുന്ന ഷാരോണും ലോ
കമെമ്പാടും വിയററ്നാമുകളും ഇറാക്കുകളും അഫ്ഗാ
നിസ്ഥാനുകളും വിതയ്ക്കാനൊരുമ്പെടുന്ന ബുഷും
എങ്ങനെ വ്യത്യസ്തരാകും?

ഇറാക്കിൽ പെൺപോലീസുകാരെ സാക്ഷിനിർ
ത്തി ലൈംഗിക വൈകൃതങ്ങൾക്ക് തടവുകാരെ നിർ
ബന്ധിപ്പിക്കുന്നതും, കുരച്ചുചാടുന്ന നായയെ കൊ
ണ്ടുചെന്ന് നഗ്നനായ തടവുകാരനെ മാനസികമായി
പീഡിപ്പിക്കുന്നതും ചിത്രങ്ങളായിട്ടാണ് നാം അറി
യുന്നത്. മനുഷ്യാവകാശലംഘനം നിർബാധം
ഇങ്ങനെ അരങ്ങേറുമ്പോൾ മനുഷ്യാവകാശ സം
ഘടനകളായ ആംനെസ്റ്റി ഇന്റർനാഷണൽ, ഹ്യൂ
മൻ റൈററ്സ്. വാച്ച് തുടങ്ങിയവ അമേരിക്കയെ
പ്രതിക്കൂട്ടിൽ നിർത്തിയത് ഒട്ടും കൂസാതെ തോ
ന്ന്യാസം മുന്നേറുകയാണ് ബുഷ്.

പണ്ട് വിയററ്നാമിൽ ഇത്തരം പീഡനത്തിനു ചെ
ന്നവരെ അവിടിത്തുകാർ തുരത്തിയോടിച്ച് വിയററ്നാം
മോചിപ്പിച്ച ശേഷം തങ്ങൾക്ക് കിട്ടിയ തോൽവിയു
ടെ തൊപ്പി മറയ്ക്കാൻ അമേരിക്ക പലതും ചെയ്തു.
അക്കൂട്ടത്തിലുള്ളതാണ് ലോകമെമ്പാടും കളിച്ച "ഫ
സ്റ്റ് ബ്ളഡ്" എന്ന സിനിമ. സിൽവിസ്റ്റർ സ്റ്റാലൺ മു
ഖ്യറോളിൽ അഭിനയിച്ച ആ സിനിമയിൽ വിയററ്നാം
യുദ്ധത്തിൽ പങ്കെടുത്ത് "പീഡന"മേററുവാങ്ങിയ ഒരു
അമേരിക്കൻ ഭടന്റെ കഥ ചിത്രീകരിച്ചു! ആ ഭടനെ
പിൽക്കാലത്ത് പോലീസ് തെററിദ്ധരിച്ച് പിടിച്ച് ചോ
ദ്യം ചെയ്തപ്പോൾ വിയററ്നാമിലെ പൂർവ്വകാല പീ



ധയുടെ ചിത്രങ്ങൾ അയാളുടെ മനസ്സിൽ മിന്നിമറഞ്ഞു. അയാൾക്ക് സമനില തെററി. പോലീസ് വലയംഭേദിച്ച് പോലീസിനെയും ആക്രമിച്ചു പുറത്തുചാടി. അയാൾ ഒരു നഗരം ഒററയ്ക്ക് പൊടിക്കുന്നതാണ് തുടർന്നുള്ള രംഗങ്ങൾ. ഒരു ആണവനിലയം വരെ അയാൾ പൊട്ടിത്തെറിപ്പിച്ചു! അത്രമേൽ 'ഭയങ്കര'മായിരുന്നു അയാളുടെ വിയററ്നാം അനുഭവങ്ങൾ എന്ന് ലോകരെ വിഡ്ഢികളാക്കുന്ന നിലയിൽ പ്രചരിപ്പിക്കാനായിരുന്നു ശ്രമം.

മനുഷ്യത്വത്തിന് വിലകല്പിക്കാത്ത പ്രവർത്തിയും പ്രചരണവും കൊണ്ട് അഹങ്കാരമദം പൊട്ടി കൊമ്പുകുലുക്കുന്ന അമേരിക്കയെ ചോദ്യം ചെയ്യാനാകാതെ മനുഷ്യാവകാശസംരക്ഷകനും യു.എന്നും ഇതികർത്തവ്യതാമൂഢരായി നിൽക്കുന്നു. ചെറുക്കാൻ ചൈനയ്ക്കും റഷ്യയ്ക്കും ക്യൂബയ്ക്കും അറബ്ലോകത്തിനും ആവില്ലേ? ഭാരതത്തിന് നിർണായകമായ നിലയിൽ അഭിപ്രായം പറയാനും അഭിപ്രായ ഏകീകരണം ഉണ്ടാക്കാനും കഴിയണം. ഷാരോണിനു സമ്മാനവും വിരുന്നും, "ഇറാക്ക് വിമോചന"ത്തിന് അമേരിക്കയെ സഹായിക്കാൻ പട്ടാളത്തെ അയയ്ക്കാനുള്ള വെമ്പലുമായി നിന്ന് 'തിളങ്ങിയ' സർക്കാർ മാറിയ ചുററുപാടിൽ ഇന്ത്യയുടെ പൂർവ്വകാല ശയനത്തിന്റെ നിക്പക്ഷപ്രൗഢി കാത്തുസൂക്ഷിക്കുവാൻ നവസർക്കാർ നട്ടെല്ലുകാട്ടുമോ എന്ന് നോക്കാം. മനുഷ്യത്വപക്ഷ ശാക്തീകരണം കാലഘട്ടത്തിന്റെ ദാഹമാണ്.

## മാധ്യമയോദ്ധാക്കൾക്ക് പ്രണാമം

2004 മെയ് 3 ദി വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ്പേപ്പേഴ്സി'ന്റെ ആഭിമുഖ്യത്തിൽ ലോക പത്രസ്വാതന്ത്ര്യ ദിനമായി ആചരിച്ചു. 'ഈശ്വരൻ തെറ്റുചെയ്താലും ഞാനത് റിപ്പോർട്ട് ചെയ്യും' എന്ന പ്രഖ്യാപനം അനശ്വരനായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ കയ്യൊപ്പാണ്. ഇതിന്റെ സത്തയും വീറും വികാരവുമാണ് ലോകമെമ്പാടുമുള്ള സത്യാന്വേഷകരായ പത്രപ്രവർത്തകരെ നയിക്കുന്ന ശക്തി.

കലുഷിതമായ പ്രകൃതിയിലും മനുഷ്യസന്ദർഭങ്ങളിലും സാഹസികതയുടെ അധ്യായങ്ങൾ രചിക്കുന്ന പത്രധീരന്മാർ ഏറെയാണ് ലോകത്ത്. അപ്രിയസത്യങ്ങൾ വിവൃതമാക്കുന്നതിന്റെ പേരിൽ അധമന്മാരുടെ ബലിക്കല്ലിൽ സ്വന്തം ചോരയും പ്രാണനും അർപ്പിക്കുന്ന വാഴ്ത്തപ്പെടാത്ത മാധ്യമയോദ്ധാക്കളും അനേകം.

2003ൽ അത്രെ ഏററവും കൂടുതൽ പത്രപ്രവർത്തകർ മരിച്ചത്. ഈ മരണങ്ങളിൽ കൊലപാതകങ്ങളും ഉണ്ടായിരുന്നു. 2002ലെ മരണസംഖ്യയുടെ ഇരട്ടിയായിരുന്നു 2003ലേത്; ഇതിന് പ്രധാന കാരണം ഇറാഖ് യുദ്ധവും. ആർ.എസ്.എഫ് (റിപ്പോർട്ടേഴ്സ് സാൻസ് ഫ്രണ്ടിയേഴ്സ്) സി.പി.ജെ (കമ്മിററി പ്രൊട്ടക്ട് ജേണലിസ്റ്റ്സ്) എന്നീ സംഘടനകൾ നൽകിയ വിവരങ്ങളാണിവ. ഗൾഫ് മേഖലയ്ക്ക് പുറത്തുനടന്ന പ്രമാദങ്ങളായ കൊലപാതകങ്ങൾ മാധ്യമങ്ങളിൽ നിറഞ്ഞുനിന്നതാണ്. റഷ്യ, നേപ്പാൾ, ഇൻഡോനേഷ്യ, ഇന്ത്യ, ഇറാൻ, മ്യാൻമാർ, കംബോഡിയ, ഐവറി കോസ്റ്റ്, ഗ്വാട്ടിമാല എന്നീ പ്രദേശങ്ങളിൽ മാധ്യമ പ്ര

### മാധ്യമരംഗത്തെ രക്തസാക്ഷികൾ



ടെറിലോയിഡ്



ഡാനിയൽ പേൾ

വർത്തകർ വധിക്കപ്പെട്ടു.

ഡാനിയൽ പേൾ വധം ലോകമനസ്സിനെ കുലുക്കിയ സംഭവമായിരുന്നു. ടെറിലോയ്ഡ് എന്ന പത്രപ്രവർത്തകൻ ഇറാക്ക് യുദ്ധത്തോടെ അപ്രത്യക്ഷനായി. പോൾ മൊറാൻ, ഗാബിറാഡോ, കാവേ ഗെലെസ്താൻ, മൈക്കൾ കെല്ലി, കമറാൻ, ജൂലിയോ ആൻഗ്വിററ്പറദോ, താരിഖ് അയൂബ്, താരസ് പ്രൊസ്ത്യുക്, വെറോണിക്ക കബ്രോറ, അലി അൽ ഖതീബ് എന്നിവർ ഇറാക്ക് യുദ്ധത്തിലും പലസ്തീൻ ആക്രമണത്തിലും മരണമടഞ്ഞ പത്രപ്രവർത്തകരും ക്യാമറാമാൻമാരുമാണ്.



അധികാരത്തിലേക്ക്...

മനുഷ്യൻ മുതലിന് വേണ്ടി യുദ്ധം ചെയ്യുന്നു. മിടുക്ക'ന്മാർക്ക് വേണ്ടി യോദ്ധാക്കളും പൗരജനങ്ങളും സംഘർഷമുഖങ്ങളെയും മരണവക്രതത്തെയും പൂകുന്നു. അവിടങ്ങളിലേക്ക് രണ്ടും കല്പിച്ചിറങ്ങുന്ന പത്രപ്രവർത്തകരെ പ്രണമിക്കുമ്പോൾ യുദ്ധവിരുദ്ധവികാരം തീക്ഷ്ണമാവണം. മുതൽ ആളി ആളി മുതലാളി നിശ്ചയിക്കുന്ന സുരക്ഷിതത്വരഹിതമായ ലോകമല്ല നമുക്ക് വേണ്ടത്. ആയുധ-മയക്കുമരുന്ന് മുതലാളിമാർ അധികാരക്കൊടുമുടികളിൽ നിന്ന് ലോകമഹായുദ്ധ പരമ്പര മെനയുമ്പോൾ അതിന്റെ വിശദാംശങ്ങൾക്ക് വേണ്ടിയുള്ള മനുഷ്യന്റെ ഹീനമായ ജിജ്ഞാസയും കൗതുകയും പൂരണംചെയ്യാൻ നിർബന്ധിതരാകുന്ന മാധ്യമസോദരങ്ങളുടെ ദുരവസ്ഥകളില്ലാത്ത സുരക്ഷിതമായ ലോകമാണ് നമുക്ക് അഭികാമ്യം. അതിന് വേണ്ടി പത്രപ്രവർത്തകരും തൂലിക ചലിപ്പിക്കട്ടെ.

## ആഗോളവൽക്കരണത്തിനെതിരെ ഇന്ത്യൻ വിധിയെഴുത്ത്

80കളിൽ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗന്റെയും ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗററ്റ് താച്ചറുടെയും കാർമികത്വത്തിൽ ഉത്ഭവിച്ച ആഗോളവൽക്കരണാദി നയങ്ങൾക്ക് ഏററവും ഒടുവിൽ കിട്ടിയ പ്രഹരമാണ് പതിനാലാം ലോക്സഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് ഫലം.

1991ൽ സോവ്യററ് യൂണിയന്റെ തകർച്ചയോടെ ആ നയങ്ങൾ ശക്തിയാർജിച്ചു. നരസിംഹറാവു ഗവൺമെന്റിലെ മൻമോഹൻസിംഗ് അത് ഇന്ത്യയിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് വാജ്പേയി ഗവൺമെന്റ് പലമടങ്ങു ശക്തിയോടെ നടപ്പാക്കി. ഇന്ത്യ തി ളങ്ങുന്നു എന്ന തെരഞ്ഞെടുപ്പ് പരസ്യവാക്യത്തിന്റെ യഥാർത്ഥ പൊരുൾ പൊതുമേഖലാ സംരംഭങ്ങൾ ഇല്ലായ്മചെയ്യലും വിററുതുലയ്ക്കലും, കാർഷിക മേഖലയുടെ സർവ്വാംഗതളർച്ചയും കർഷകസഹസ്രങ്ങളുടെ ആത്മഹത്യകളും വിദ്യാഭ്യാസ മേഖല ഉൾപ്പെടെയുള്ളവയുടെ നിഷ്കരുണ സ്വകാര്യവൽക്കരണവും ഒക്കെ ആയിരുന്നു. അനുഭവസ്ഥരായ ജനങ്ങൾ വാജ്പേയി സർക്കാരിനെ പുറത്താക്കി. അനുഭവത്തിന്റെ ആക്കം കൂടിയ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സമ്മതിദാന പ്രതിഷേധം വ്യക്തവും ശക്തവുമായിരുന്നു. കേരളം, ആന്ധ്ര സംസ്ഥാനങ്ങൾ ഉദാഹരണങ്ങൾ!

ബി.ജെ.പിക്ക് പകരം എല്ലായിടത്തും കോൺഗ്രസ് അല്ല ജയിച്ചത് എന്നതുകൊണ്ട് ഇത് വ്യക്തമാണ്. ആഗോളവൽക്കരണാദി നയങ്ങൾ അപൂർവ്വ ധൃതിയോടെ നടപ്പാക്കാൻ ശ്രമിച്ച കോൺഗ്രസ് നയിക്കുന്ന യു.ഡി.എഫ് കേരളത്തിൽ തോററതും, കർണാടകത്തിൽ കോൺഗ്രസ് തോററതും ജനദ്രോഹ ഫലങ്ങൾ ഉളവാക്കിയ ആഗോളവൽക്കരണാദി നയങ്ങൾക്കെതിരെയുള്ള വിധിയെഴുത്താണ്. പ്രാദേശികമായ മററു കാരണങ്ങൾ കൂടിയായപ്പോൾ ഫലം കുശാലായി. ആന്ധ്രയിൽ വർഷങ്ങൾക്ക് ശേഷം വീണ്ടും കോൺഗ്രസിനെ വരിച്ചത് മറെറാരു ശക്തമായ ബദൽ ഇല്ലാഞ്ഞിട്ടാണ്. കർഷകമുന്നേററത്തിന്റെ തെലുങ്കനാട് ഇട തുപക്ഷത്തേക്കു ചായാതെ പോയത് സമർപ്പിത ജന

പ്രബോധനങ്ങളും ത്യാഗപൂർണ്ണമായ ആശയപ്രചാരണങ്ങളും ഇല്ലാത്ത ഇടതുപക്ഷ കക്ഷികൾ ദശാബ്ദങ്ങളായി ഉദാസീനതയുടെ വൽമീകത്തിൽ അവിടെ അമർന്നുപോയതുകൊണ്ടാണ്.

ആഗോളവൽക്കരണ പരിഷ്ക്കാരമേററുവാങ്ങിയ മററുപലേടത്തും അതിന്റെ പ്രയോക്താക്കളെ അധികാരത്തിൽ നിന്ന് ഇറക്കി വിടുന്ന തെരഞ്ഞെടുപ്പ് ഫലങ്ങൾ നാം കണ്ടുകഴിഞ്ഞു.

